VOL NO: 09
ISSUE 39
2025 SEPTEMBER 27
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ആലുശൈഖ്: അറിവും വിനയവും വിവേകവും ഒത്തുചേർന്ന പണ്ഡിതൻ

# സ്വവർഗ ലൈംഗികത; തിരിച്ചറിയേണ്ട വസ്തുതകൾ



പാഠപുസ്തകങ്ങളിലൂടെയും പാതയോരങ്ങളിലൂടെയും എഴുന്നള്ളിച്ച് പരാജയപ്പെട്ട സ്വവർഗ ലൈംഗികത റിയാലിറ്റി ഷോകളിലൂടെ ഒളിച്ചുകടത്താനാണ് പുരോഗമന നാട്യക്കാരുടെ പുതിയ ശ്രമം. പൊതുസമൂഹത്തിന്റെ പരിച്ഛേദമായ കുടുംബങ്ങളിലേക്കും അതുവഴി സ്വന്തം വീടകങ്ങളിലേക്കും കേറിത്താമസിക്കുന്നതുവരെ, പ്രചാരകർ ഇതിന്റെ വിനാശം പൂർണമായും മനസ്സിലാക്കുകയില്ല.

‘കുസാറ്റിലെ താലിബാനിസം’

ചോരക്കൊതി തീരാത്ത കൊടുംഭീകരൻ

ഫലസ്തീനികളുടെ പ്രതിരോധം നിയമപരമായ അവകാശമാണ്



دار الحكمة
WISDOM
HOUSE
CALICUT
WISDOM
നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.
ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.
A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD
For more Information:
Phone: 0495 4019437
Mob: +91 9567070031

453
# നേർപഥം
വാരിക

2025 സെപ്തംബർ 27
1447 റബീഉൽ ആഖിർ 05
പുസ്തകം 09 / ലക്കം 39





Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**

കവർ സ്റ്റോറി




റോഷൻ പുനലൂർ

പാഠപുസ്തകങ്ങളിലൂടെയും പാതയോരങ്ങളിലൂടെയും എഴുന്നള്ളിച്ച് പരാജയപ്പെട്ട സ്വവർഗ ലൈംഗികത റിയാലിറ്റി ഷോകളിലൂടെ ഒളിച്ചുകടത്താനാണ് പുരോഗമന നാട്യക്കാരുടെ പുതിയ ശ്രമം. പൊതുസമൂഹത്തിന്റെ പരിച്ഛേദമായ കുടുംബങ്ങളിലേക്കും അതുവഴി സ്വന്തം വീടകങ്ങളിലേക്കും കേറിത്താമസിക്കുന്നതുവരെ, പ്രചാരകർ ഇതിന്റെ വിനാശം പൂർണമായും മനസ്സിലാക്കുകയില്ല.

**05** മുഖമൊഴി
നെതന്യാഹു; ചോരക്കൊതി തീരാത്ത കൊടുംഭീകരൻ

**06** പഠനം
പ്രപഞ്ചം; ഉത്ഭവവും ഘടനയും
ഡോ. ടി. കെ. യൂസുഫ്

**16** അനുസ്മരണം
ശെയ്ഖ് അബ്ദുൽ അസീസ് അബ്ദുല്ല ആലു ശെയ്ഖ്(റഹി):
പി.എൻ അബ്ദുൽ ലത്തീഫ് മദനി

**18** ലേഖനം
ഫലസ്തീനികളുടെ പ്രതിരോധം നിയമപരമായ അവകാശമാണ്
ഇ. യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

**20** ലേഖനം
സൂക്ഷ്മത പാലിച്ച് ജീവിക്കുന്നവരും സ്വർഗീയാനുഗ്രഹങ്ങളും
മുനവ്വർ ഫൈറൂസ്

**23** കർമപഥം
ദീക്ഷാകാലവും ദുഃഖാചരണവും
അബ്ദുൽ ജബ്ബാർ മദീനി

**26** വിമർശനം
പ്രവാചകന്മാർ മുഹമ്മദ് നബി (സ്വ) യോട് ഇസ്തിഗാസ തേടിയെന്നോ?
മൂസ സ്വലാഹി കാര

**30** കാഴ്ച
'കുസാറ്റിലെ താലിബാനിസം!'
അബ്ദുല്ല ബാസിൽ സി.പി.

**31** ക്വുർആൻ ദർശനം -തഫ്‌സീറുസ്സഅദി
സൂറതു അൻകബൂത്ത്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
ക്വബ്റിലേക്കുള്ള യാത്ര
നസീമ വാടാനപ്പള്ളി

NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

## മദ്റസാധ്യാപക ശാക്തീകരണം: സച്ചാർ സമിതി നിർദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കണം

# വിസ്ഡം മദ്റസാധ്യാപക സമ്മേളനം

തിരൂർ: സച്ചാർ സമിതി മദ്റസാധ്യാപകരുടെ ശാക്തീകരണത്തിനായി നിർദേശിച്ച പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ വിദ്യാഭ്യാസ ബോർഡ് സംഘടിപ്പിച്ച മദ്റസാധ്യാപക സമ്മേളനം അഭിപ്രായപ്പെട്ടു. സമൂഹത്തിൽ ധാർമിക-സദാചാര മൂല്യങ്ങൾ പകർന്ന് നൽകുന്നതിൽ മദ്റസകളും അധ്യാപകരും വലിയ പങ്ക് വഹിക്കുന്നുണ്ട്. മദ്റസകള പരിപോഷിക്കുന്നതിൽ സമൂഹത്തിന് വലിയ ഉത്തരവാദിത്തമുണ്ട്.

ഇന്ത്യയിൽ വംശഹത്യകൾ ആസൂത്രണം ചെയ്യുകയും ബുൾഡോസറുകൾകൊണ്ട് കിടപ്പാടം തകർക്കുകയും ചെയ്ത അധികാരികളെ മലയാളികൾക്കിടയിൽ മഹത്ത്വവൽകരിക്കുന്നത് പ്രതിഷേധാർഹമാണ്. മുസ്‌ലിം ന്യൂനപക്ഷങ്ങളെയും ദളിതരെയും അരക്ഷിതരാക്കി ഉൻമൂലനം ചെയ്യുന്ന യോഗി ആദിത്യനാഥിനെ വിശ്വാസികളുടെ പ്രതിനിധിയായി അവരോധിച്ചത് മലയാളികളോടുള്ള വഞ്ചനയാണ്. അധികാരികൾ തിരുത്താനും മാപ്പ് പറയാനും തയ്യാറാകണം.

ജെൻഡർ രാഷ്ട്രീയം പുതുതലമുറയിൽ പാഠപുസ്തകങ്ങളിലൂടെ അടിച്ചേൽപിക്കാനുള്ള ശ്രമങ്ങളിൽ നിന്ന് അധികൃതർ പിന്തിരിയണം. ഇന്ത്യയുടെ മധ്യകാല ചരിത്രം നിരാകരിക്കുന്ന സംഘപരിവാരങ്ങളുടെ നിലവാരത്തിലേക്ക് കേരളം അധഃപതിക്കരുത്. വിദ്യാഭ്യാസത്തിലൂടെ ലിബറലിസം ഒളിച്ച് കടത്താനുള്ള ശ്രമം മലയാളികളുടെ സംസ്കാരത്തെയും പൈതൃകത്തെയും നിരാകരിക്കലാണ് എന്നും സമ്മേളനം അഭിപ്രായപ്പെട്ടു.

വിസ്ഡം പണ്ഡിത സഭയായ ലജ്നത്തുൽ ബുഹൂസുൽ ഇസ്‌ലാമിയ്യ ചെയർമാൻ സി. കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. കുറുക്കോളി മൊയ്തീൻ എംഎൽഎ മുഖ്യാതിഥിയായിരുന്നു. വിസ്ഡം വിദ്യാഭ്യാസ ബോർഡ് ചെയർമാൻ ഹുസൈൻ ടി കാവനൂർ അധ്യക്ഷത വഹിച്ചു. വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് നേടിയ ഡോ. വി അബ്ദുല്ലത്തീഫ്, ഡോ.മൊയ്തീൻ കുട്ടി കല്ലറ, ഡോ. ഷാജി എടത്തനാട്ടുകര, കരിപ്പൂർ എയർപ്പോട്ട് ഡയറക്ടർ മുനീർ മാടമ്പാട്ട് എന്നിവരെ ആദരിച്ചു.

വിസ്ഡം സംസ്ഥാന ട്രഷറർ കെ സജാദ്, സെക്രട്ടറിമാരായ നാസിർ ബാലുശ്ശേരി, സി.പി സലീം, ഹാരിസ് ബിൻ സലീം, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ. താജുദ്ദീൻ സ്വലാഹി, റഷീദ് മാസ്റ്റർ കാരപ്പുറം, പികെ അംജദ് മദനി, പി അബ്ദുറഹ്മാൻ അൻസാരി, ഇർഫാൻ സ്വലാഹി, ഫൗസാൻ മുഹമ്മദ് പ്രസംഗിച്ചു.

'ലിബറൽ സമൂഹവും മതാധ്യാപനവും' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ച വിസ്ഡം സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി ടി.കെ നിഷാദ് സലഫി ,വിസ്ഡം സ്റ്റുഡന്റ്സ് സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ. അബ്ദുല്ലാ ബാസിൽ, മുജീബ് ഒട്ടുമ്മൽ, എപി മുനവ്വർ സ്വലാഹി, ആസിഫ് സ്വലാഹി നേതൃത്വം നൽകി. സമ്മേളനത്തോടനുബന്ധിച്ച് അധ്യാപകർക്കിടയിൽ നടന്ന പ്രബന്ധമൽസരത്തിലെ വിജയികൾക്ക് സംസ്ഥാന വൈസ് പ്രസിഡന്റ് ശരീഫ് എലാങ്കോട് അവാർഡുകൾ വിതരണം ചെയ്തു. മുഹമ്മദ് സ്വാദിഖ് എൻ (അൽബസ്വീറ ഇസ്‌ലാമിക് സ്കൂൾ പെരുമണ്ണ), ഫാത്വിമ കെഎ (മദ്റസതുസ്സലഫിയ്യ, എരുമാട്), എൻ മുഹമ്മദ് ദാനിഷ് സുല്ലമി (അൽഹിക്മ മദ്റസ, വലമ്പൂർ) എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. ■

# നെതന്യാഹു; ചോരക്കൊതി തീരാത്ത കൊടുംഭീകരൻ

ആഗോള കൊടുംഭീകരനും ഇസ്രയേൽ പ്രധാനമന്ത്രിയുമായ നെതന്യാഹു തന്റെ പട്ടാളത്തെ ഉപയോഗിച്ചുകൊണ്ട് അമേരിക്കയുടെ പിന്തുണയോടെ ഫലസ്തീനികളെ കൊന്നൊടുക്കിക്കൊണ്ടേയിരിക്കുകയാണ്. നെതന്യാഹു നടത്തുന്നത് തികഞ്ഞ വംശഹത്യയാണെന്നും അത് അവസാനിപ്പിക്കണമെന്നും ഒട്ടുമിക്ക രാഷ്ട്രങ്ങളും ഐക്യരാഷ്ട്ര സഭ തന്നെയും പറഞ്ഞതാണ്. എന്നാൽ അമേരിക്ക എന്ന ചെന്നായയുടെ പിന്തുണയും സഹായവും നിർലോഭം ലഭിക്കുന്നതിന്റെ അഹങ്കാരത്തിൽ ലോകത്ത് ആരൊക്കെ എതിർത്താലും തങ്ങൾ ഫലസ്തീനികളെ മുഴുവൻ കൊന്നൊടുക്കുമെന്നും ജീവൻ വേണമെന്നുള്ളവർ മറ്റേതെങ്കിലും രാജ്യത്തേക്ക് പോകണമെന്നുമാണ് ഇസ്രയേലിന്റെ പ്രഖ്യാപനം.

കൊടും പട്ടിണിയാൽ എഴുന്നേറ്റു നിൽക്കാൻ പോലും കഴിയാത്ത ആയിരക്കണക്കിനു പിഞ്ചു കുഞ്ഞുങ്ങളും സ്ത്രീകളും പുരുഷന്മാരും ഭക്ഷണത്തിനായി വരിനിൽക്കുമ്പോൾ ബോംബിട്ടും വെടിവെച്ചും അവരെ കൊല്ലുന്നു. കിട്ടിയതെല്ലാം നുള്ളിപ്പെറുക്കിയും ഒന്നും എടുക്കാനില്ലാത്തതിനാൽ വെറും കൈയോടെയും പലായനം ചെയ്യുന്നവരെയും പട്ടാളക്കാർ കൊന്നുതീർക്കുന്നു.

ഈ അവസരത്തിൽ, ഇസ്രയേലിന്റെ വംശഹത്യയെ ന്യായീകരിക്കുന്ന ഏതാനും രാജ്യങ്ങളൊഴികെ ലോക രാജ്യങ്ങളെല്ലാം ഒന്നിച്ച് വംശഹത്യക്കെതിരെ രംഗത്തു വന്നതും ഫലസ്തീൻ രാജ്യത്തെ സ്വതന്ത്ര രാജ്യമായി ഇതുവരെയും അംഗീകരിക്കാത്തവർ പോലും അംഗീകരിക്കാൻ തയ്യാറായതും പ്രതീക്ഷ നൽകുന്നതാണ്. പ്രശ്നപരിഹാരം സാധ്യമാകാൻ ഇസ്രയേൽ, ഫലസ്തീൻ എന്നീ രണ്ടു രാജ്യങ്ങൾ നിലവിൽ വരലാണെന്നും മിക്ക രാജ്യങ്ങളും അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇസ്രയേലിനെതിരെ പല രാജ്യങ്ങളിലും വലിയ തോതിൽ പ്രതിഷേധ പ്രകടനങ്ങൾ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. ‘പ്രബുദ്ധ കേരള’ത്തിലാകട്ടെ ഫലസ്തീൻ അനുകൂല പ്രകടനം പൊലീസ് കേസെടുക്കുന്ന കുറ്റകൃത്യമാണെന്നത് ലജ്ജാകരമാണ്!

ഇറ്റലിയിൽ ഇസ്രയേലിന്റെ വംശഹത്യ അവസാനിപ്പിക്കാനായി മുൻകൈയെടുക്കാനും ഫലസ്തീനെ രാജ്യമായി അംഗീകരിക്കാനും ആവശ്യപ്പെട്ട് തെരുവിലിറങ്ങി പ്രതിഷേധിച്ചത് പതിനായിരക്കണക്കിന് ആളുകളാണ്. ഇസ്രയേലിനെ നയതന്ത്ര തലത്തിലും സാമ്പത്തികരംഗത്തും ഉപരോധിക്കുക, ഗസ്സയിലെ വംശഹത്യയെ ഇറ്റലി സർക്കാർ അപലപിക്കാൻ തയ്യാറാവുക, ഫലസ്തീൻ വിഷയത്തിൽ യൂറോപ്യൻ യൂണിയന്റെ നിഷ്ക്രിയത്വം അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് ഇറ്റലിയിലെ തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ 24 മണിക്കൂർ പണിമുടക്കിന് ആഹ്വാനം ചെയ്തത്. വൻജനപിന്തുണയോടെ ആരംഭിച്ച പ്രതിഷേധ സമരത്തിൽ ഇറ്റലിയിലുടനീളം പ്രതിഷേധ റാലികളും തുറമുഖ ഉപരോധവും റോഡ് ഉപരോധവും സമരങ്ങളും പണിമുടക്കും സംഘടിപ്പിക്കപ്പെട്ടു. പ്രതിഷേധത്തിനിടെ പലയിടങ്ങളിലും പൊലീസും സമരക്കാരും ഏറ്റുമുട്ടി.

തീവ്രവലതുപക്ഷം ഭരിക്കുന്ന ഇറ്റലി ഇസ്രയേലിന്റെ വംശഹത്യയെ തള്ളിപ്പറഞ്ഞ് ഫലസ്തീന് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിലാണ് ഇറ്റാലിയൻ ജനത സർക്കാരിനെതിരെ തിരിഞ്ഞത്. മിക്ക യൂറോപ്യൻ രാഷ്ട്രങ്ങളും ഇസ്രയേൽ അനുകൂല നിലപാട് മാറ്റി ഫലസ്തീന് ഒപ്പം നിലകൊള്ളുന്നത് പ്രതിഷേധക്കാർ ചൂണ്ടിക്കാണിക്കുന്നു. പതിനായിരക്കണക്കിന് പൗരന്മാർ പ്രതിഷേധവുമായി രംഗത്തെത്തിയതോടെ തീവ്രവലതുപക്ഷ സർക്കാർ പ്രതിരോധത്തിലായിരിക്കുന്നു. മനുഷ്യത്വമുള്ളവർ തന്നെയാണ് ലോകത്തെ ഭൂരിപക്ഷമാളുകളും എന്ന് ഇത്തരം സംഭവങ്ങൾ തെളിയിക്കുന്നു. ഈ ഇടപെടലുകൾ പാവപ്പെട്ട ഫലസ്തീനികൾക്ക് ചെറുത്തുനിൽപിനായി നൽകുന്ന ഊർജം ചെറുതൊന്നുമായിരിക്കില്ല. ■

ഡോ. ടി. കെ. യൂസുഫ്
: 9349798262

> ഈ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ച് ശാസ്ത്രം കണ്ടെത്തിയ വസ്തുതകൾ ഒരു സൂക്തത്തിന്റെ ശകലത്തിലൂടെ ക്വുർആൻ വ്യക്തമാക്കുന്നതായി നാം കാണുന്നു. പ്രസ്തുത വചനത്തിൽ 'റത്ക്വ്' എന്ന ഒരു പദം കാണാം. അതിന്റെ അർഥം പല വസ്തുക്കൾ കൂടിച്ചേർന്നത് എന്നാണ്. പ്രപഞ്ചം അതിന്റെ പ്രഥമ പിണ്ഡമായിരിക്കെ ദൃശ്യവും അദൃശ്യവുമായി പല വസ്തുക്കൾ ചേർന്നതായിരുന്നു. മറ്റൊരു പദം 'ഫതക്വ' എന്നതാണ്. അതിനർഥം 'ശക്തമായി പിളർത്തുക' എന്നാണ്. മഹാവിസ്ഫോടനം ഒരു ശക്തമായ പൊട്ടിപ്പിളരലായരുന്നു.



ക്വുർആനിലെ പ്രപഞ്ച വിസ്മയങ്ങൾ 02

# പ്രപഞ്ചം; ഉത്ഭവവും ഘടനയും

ഈ പ്രപഞ്ചം അനന്തമാണോ? അനാദികാലം മുതൽ അത് ഇവിടെ നിലനിൽക്കുന്നുണ്ടോ? അല്ല എന്നാണ് ഉത്തരമെങ്കിൽ എന്നാണ് ഈ പ്രപഞ്ചം ആവിർഭവിച്ചത്? എന്നെങ്കിലും അതിന് ഒരു അന്ത്യമുണ്ടാകുമോ? ഈ ചോദ്യങ്ങൾക്ക് മാനവരാശിയോളം പഴക്കമുണ്ട്. മതങ്ങളും തത്ത്വശാസ്ത്രങ്ങളും അതിന് മറുപടി പറയാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഗോളശാസ്ത്രത്തിന് ഈ വിഷയത്തിൽ എന്താണ് പറയാനുള്ളത്?

ഗോള ശാസ്ത്രം എന്ന് പറഞ്ഞാൽ അത് നക്ഷത്രങ്ങൾ, ഗോളങ്ങൾ, ഗ്രഹങ്ങൾ, ധൂമകേതുക്കൾ, ഗ്യാലക്സികൾ തുടങ്ങിയവയെ കുറിച്ചുള്ള പഠനമാണ്. ആകാശ പിണ്ഡങ്ങളുടെ ചലനത്തെക്കുറിച്ചും അന്തരീക്ഷ പാളിക്കപ്പുറത്ത് അരങ്ങേറുന്ന രാസ-ഊർജ പ്രതിഭാസങ്ങളെ കുറിച്ചുമാണ് ഗോളശാസ്ത്രം പഠനം നടത്താറുള്ളത്. എന്നാൽ ഈ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ചോ

അതിനു പിന്നിലെ ദിവ്യകരങ്ങളെ സംബന്ധിച്ചോ ചിന്തിക്കാനും പഠിക്കാനും പൊതുവെ നാസ്തികരായ ശാസ്ത്രജ്ഞർ ഉത്സാഹം കാണിക്കാറില്ല.

പ്രപഞ്ചം ദൈവിക സൃഷ്ടിയാണ് എന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. അവരുടെ നൈസർഗിക പ്രേരണയും വിശേഷ ബുദ്ധിയും ദൈവിക വെളിപാടുകളുമാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്. ഇവയെല്ലാം തമസ്കരിച്ചുകൊണ്ടാണ് നിരീശ്വരവാദികൾ പ്രപഞ്ചം താനെ ഉണ്ടായതാണെന്നും അനാദി കാലം മുതൽ നിലനിൽക്കുന്നതാണെന്നും വാദിക്കുന്നത്. പ്രപഞ്ചഘടനയെയും പ്രകൃതിയെയും പഠിക്കുന്ന ആർക്കും ഇത് താനെ ഉണ്ടായതാണെന്ന് പറയാൻ കഴിയില്ല. അറിവും കഴിവുമുള്ള ഒരു സ്രഷ്ടാവ് ഇതിന് പിന്നിലുണ്ടെന്ന് അവന് ബോധ്യപ്പെടും. ദൈവ വിശ്വാസികളായ ശാസ്ത്രജ്ഞരല്ലാം ഇക്കാര്യം ജനങ്ങളെ ബോധ്യപ്പെടുത്താൻ പരിശ്രമിച്ചിട്ടുണ്ട്. പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ചും വികാസത്തെ കുറിച്ചും അന്ത്യത്തെ കുറിച്ചും തൃപ്തികരമായ ഒരു വിശദീകരണം നൽകാൻ ശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ഖുർആൻ ധാരാളം വചനങ്ങളിലൂടെ ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്.

**പുരാതന വീക്ഷണങ്ങൾ**

ബിസി മൂന്നാം നൂറ്റാണ്ടിൽ ജീവിച്ച അരിസ്റ്റാർക്കസ് (Aristarchus)എന്ന ഗ്രീക്ക് ഗോള ശാസ്ത്രജ്ഞനാണ് പ്രപഞ്ചത്തിന്റെ രൂപമാതൃക ആദ്യമായി വിഭാവനം ചെയ്തത്. അദ്ദേഹം, ഭൂമി സ്വന്തം അച്ചുതണ്ടിലും സൂര്യന് ചുറ്റും ഇതര ഗ്രഹങ്ങളോടൊപ്പവും കറങ്ങുന്നുണ്ടെന്ന് നിഗമനം ചെയ്യുകയുണ്ടായി. പ്രപഞ്ചത്തെ കുറിച്ച് മാനവ ചരിത്രത്തിലെ ഏറ്റവും പഴക്കമുള്ള ശാസ്ത്ര നിഗമനമാണിത്. എഡി പതിനാറാം നൂറ്റാണ്ടിൽ കോപ്പർ നിക്കസിന് പോലും ഇത് പ്രചോദനമായിട്ടുണ്ട്. എന്നാൽ അരിസ്റ്റാർക്കസിന്റെ ഈ തത്ത്വം പൊതുധാരണക്ക് എതിരായതുകൊണ്ട് അതിന് പ്രചാരം ലഭിക്കാതെ പോകുകയാണുണ്ടായത്.

എഡി രണ്ടാം നൂറ്റാണ്ടിൽ രംഗപ്രവേശം ചെയ്ത ടോളമിയുടെ(Ptolemy) തത്ത്വപ്രകാരം ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണ്. സൂര്യനും ഇതര ഗ്രഹങ്ങളും അതിനെ ചുറ്റിക്കൊണ്ടിരിക്കുകയുമാണ്. പതിനേഴാം നൂറ്റാണ്ടുവരെ യൂറോപ്യൻ-മുസ്‌ലിം ശാസ്ത്രജ്ഞന്മാരുടെ അവലംബം ടോളമിയുടെ സിന്താന്തങ്ങൾ തന്നെയായിരുന്നു. ഹിജ്റ രണ്ടാം നൂറ്റാണ്ടിൽ ടോളമിയുടെ ഗ്രന്ഥം സുറിയാനിയിൽ നിന്ന് അറബി ഭാഷയിലേക്കും പിന്നീട് അറബിയിൽനിന്ന് ലാറ്റിൻ ഭാഷയിലേക്കും പരിഭാഷപ്പെടുത്തുകയുണ്ടായി. പൊതുധാരണക്കും അരിസ്റ്റോട്ടിലിന്റെ അഭിപ്രായങ്ങൾക്കും അനുഗുണമായതുകൊണ്ട് ഈ തത്ത്വങ്ങൾക്ക് പ്രചുര പ്രചാരം ലഭിച്ചു. എഡി അഞ്ചാം നൂറ്റാണ്ടിൽ ഭാരതീയ ഗോളശാസ്ത്രജ്ഞനായിരുന്ന ആര്യഭട്ട ഭൂമി ചലിക്കുന്നതും ആകാശം നിശ്ചലവുമാണെന്നാണ് അഭിപ്രായപ്പെട്ടിരുന്നത്.

എഡി എട്ടാം നൂറ്റാണ്ടിലാണ് മുസ്‌ലിം ശാസ്ത്രജ്ഞർ ഗോള നിരീക്ഷണം ആരംഭിച്ചത്. ഈ നിരീക്ഷണങ്ങൾ പിൽകാലത്ത് കോപ്പർ നിക്കസിൽ പോലും  സ്വാധീനം ചെലുത്തിയിട്ടുണ്ട്. അരിസ്റ്റാർക്കസിന്റെ പ്രപഞ്ച മാതൃകയിൽ അവർ ഒരു അസ്റ്റർലാബ് രൂപകൽപന ചെയ്തു. ഹിജ്റ 415ൽ അന്തരിച്ച സിജ്സി എന്ന പേരിലറിയപ്പെടുന്ന അബൂസഈദ് അഹ്മദ് ബിൻ മുഹമ്മദ് അബ്ദുൽ ജലീൽ അസ്സജസ്സ്താനിയാണ് അത് നിർമിച്ചത്. കോപ്പർ നിക്കസിന് അഞ്ച് നൂറ്റാണ്ട് മുമ്പ് ഭൂമി കറങ്ങുന്നുണ്ടെന്ന് സമർഥിച്ച ശാസ്ത്രജ്ഞനാണ് അദ്ദേഹം.

ഹിജ്റ 440ൽ അന്തരിച്ച പ്രസിദ്ധ സഞ്ചാരിയും ഗോളശാസ്ത്രജ്ഞനും ഭൗമ ശാസ്ത്രജ്ഞനും ചരിത്ര കാരനുമായിരുന്ന അൽബിറൂനി തന്റെ 'കാനൂനുൽ മസ്ഊദി' എന്ന ഗ്രന്ഥത്തിൽ

തെളിവുകളുടെ അടിസ്ഥാനത്തിൽ ഭൂമി ഗോളാഗൃതിയിലാണെന്നും അത് സ്വയം അച്ചുതണ്ടിൽ കറങ്ങുന്നുണ്ടെന്നും സമർഥിക്കുകയുണ്ടായി. എഡി പതിനഞ്ചാം നൂറ്റാണ്ടിൽ ഉലുഗ് ബേഗ് എന്ന മുഗൾ സുൽത്താൻ ഇന്നത്തെ ഉസ്ബകിസ്ഥാനായ സമർക്കന്ഡിനെ ഒരു വൈജ്ഞാനിക കേന്ദ്രമാക്കുകയും അവിടെ ഒരു ഗോള നിരീക്ഷണ കേന്ദ്രം സ്ഥാപിച്ച് ശാസ്ത്രജ്ഞരെ അതിലേക്ക് ക്ഷണിക്കുകയും ചെയ്തു. അക്കാലത്ത് നിലവിലുണ്ടായിരുന്ന ടോളമിയുട ഗോളശാസ്ത്ര തത്ത്വങ്ങൾ പലതും അബദ്ധമാണെന്ന് അദ്ദേഹം തെളിയിക്കുകയുണ്ടായി.

എഡി പതിനാറാം നൂറ്റാണ്ടിലാണ് നിക്കോളാസ് കോപ്പർ നിക്കസ് രംഗപ്രവേശം ചെയ്തത്. പോളണ്ടിലെ പുരോഹിതനും ഗോള-ഗണിത ശാസ്ത്രജ്ഞനും ദാർശനികനുമായിരുന്ന അദ്ദേഹം ഭൂമി സ്വയം അച്ചുതണ്ടിലും സൂര്യന് ചുറ്റിലും കറങ്ങുന്നുണ്ടെന്ന് കണ്ടെത്തി. അങ്ങനെ പ്രപഞ്ച വിജ്ഞാനത്തിന് ഒരു ശാസ്ത്രീയ അടിത്തറയുണ്ടാക്കിയത് അദ്ദേഹമാണ്. എന്നാൽ പതിനേഴാം നൂറ്റാണ്ടിൽ ഇറ്റാലിയൻ ഗോളശാസ്ത്രജ്ഞനായ ഗലീലിയോ ഗലീലി വരുന്നതുവരെ കോപ്പർ നിക്കസിന്റെ പ്രപഞ്ച വീക്ഷണം കേവലം ഒരു സങ്കൽപം മാത്രമായി അവശേഷിച്ചു. നിക്കസിന്റെ തത്ത്വം ഗലീലിയോ പ്രചരിപ്പിക്കുകയും സഭയുടെ എതിർപ്പുകളെ നേരിടേണ്ടി വന്ന നിക്കസിനെ അദ്ദേഹം പ്രതിരോധിക്കുകയും ചെയ്തു. ഗലീലിയോ നിർമിച്ച ഒരു ദൂരദർശിനിയുടെ സഹായത്തോടെ അദ്ദേഹം തന്റെ വാദങ്ങൾക്ക് തെളിവ് കണ്ടെത്തുകയും കോപ്പർ നിക്കസിന്റെ വീക്ഷണത്തെക്കാളും വിശാലമായ ഒരു പ്രപഞ്ചം കണ്ടെത്തുകയും ചെയ്തു. ക്ഷീരപഥത്തിലെ നക്ഷത്രങ്ങളെ കണ്ടെത്താൻ അദ്ദേഹത്തെ സഹായിച്ചത് തന്റെ ദൂരദർശിനിയാണ്. അതിനു മുമ്പ് അത് ഒരു ധൂമപടലമാണ് എന്ന ധാരണയാണുണ്ടായിരുന്നത്.

ഇംഗ്ലീഷ് ശാസ്ത്രജ്ഞനായ സർ ഐസക് ന്യൂട്ടന്റെ (1642-1727) ആഗമനമാണ് ശാസ്ത്ര വിപ്ലവത്തിന് നാന്ദി കുറിച്ചത്. റോയൽ സൊസൈറ്റിയുടെ ചെയർമാനായ അദ്ദേഹം കാംബ്രിഡ്ജ് സർവകലാശാലയിലെ ഗണിതശാസ്ത്രം അധ്യാപകനായിരുന്നു. പ്രപഞ്ചത്തിന്റെ കേന്ദ്രം സൂര്യനാണ് എന്ന തത്ത്വത്തിന് എതിരായ മുഴുവൻ സംശയങ്ങളും അദ്ദേഹം ദുരീകരിക്കുകയുണ്ടായി. പിന്നീട് മൂന്ന് നൂറ്റാണ്ടുകളോളം ഭൗതിക ശാസ്ത്രജ്ഞന്മാരെ അടക്കി ഭരിച്ചത് ന്യൂട്ടന്റെ ചലന-ആകർഷണ സിദ്ധാന്തങ്ങളായിരുന്നു. പിന്നീട് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആൽബർട്ട് ഐൻസ്റ്റിന്റെ സിദ്ധാന്തങ്ങൾ രംഗത്ത് വരികയും ന്യൂട്ടന്റെ പൗരാണിക ഊർജതന്ത്ര തത്ത്വങ്ങൾ തിരുത്തിയെഴുതി നവീന ഊർജതന്ത്ര തത്ത്വങ്ങൾ ആവിഷ്കരിക്കുകയും ചെയ്തു. പ്രകാശത്തിന് സ്ഥിരമായ ഒരു വേഗതയുണ്ടെന്നും അതിന്റെ സഞ്ചാരത്തിന് ശബ്ദ തരംഗങ്ങളുടെ സഞ്ചാരത്തിനെന്ന പോലെ ഒരു മാധ്യമമാവശ്യമില്ലെന്നും അദ്ദേഹം സമർഥിച്ചു. പ്രപഞ്ച വിജ്ഞാന രംഗത്ത് വിപ്ലവകരമായ നിർദേശങ്ങളാണ് അദ്ദേഹം മുന്നോട്ടു വെച്ചത്.

പ്രപഞ്ചം സ്ഥിരമായി നിലനിൽക്കുന്നു എന്ന വിശ്വാസമാണ് ഇരുപതാം നൂറ്റാണ്ടുവരെ ശാസ്ത്രജ്ഞന്മാർ വെച്ചുപുലർത്തിയിരുന്നത്. പ്രപഞ്ചം അനാദികാലം മുതൽ ഉണ്ടെന്നും അത് അനന്തമായി നിലനിൽക്കുമെന്നും അവർ വിശ്വസിച്ചിരുന്നു. ക്ഷീരപഥത്തിനപ്പുറം വാതക പടലമാണെന്നായിരുന്നു അവരുടെ ഊഹം. 1920ൽ പ്രപഞ്ചത്തിന്റെ ഘടനയെ കുറിച്ച് ഗോളശാസ്ത്രജ്ഞർ രണ്ടായി തിരിഞ്ഞ് സംവാദം നടത്തി. ക്ഷീരപഥത്തിന് അപ്പുറം കാര്യമായി ഒന്നുമില്ലെന്ന് ഒരു കൂട്ടർ വാദിച്ചപ്പോൾ ക്ഷീരപഥം ഒന്നുമല്ലെന്നും അതിന് പുറകിൽ ഒരു ലോകമുണ്ടെന്നും

**എഡി എട്ടാം നൂറ്റാണ്ടിലാണ് മുസ്‌ലിം ശാസ്ത്രജ്ഞർ ഗോള നിരീക്ഷണം ആരംഭിച്ചത്. ഈ നിരീക്ഷണങ്ങൾ പിൽകാലത്ത് കോപ്പർ നിക്കസിൽ പോലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. അരിസ്റ്റാർക്കസിന്റെ പ്രപഞ്ചമാതൃകയിൽ അവർ ഒരു അസ്റ്റർലാബ് രൂപകൽപന ചെയ്തു. ഹിജ്റ 415ൽ അന്തരിച്ച സിജ്സി എന്ന പേരിലറിയപ്പെടുന്ന അബൂസഈദ് അഹ്മദ് ബിൻ മുഹമ്മദ് അബ്ദുൽ ജലീൽ അസ്സജസ്സ്താനിയാണ് അത് നിർമിച്ചത്. കോപ്പർ നിക്കസിന് അഞ്ച് നൂറ്റാണ്ട് മുമ്പ് ഭൂമി കറങ്ങുന്നുണ്ടെന്ന് സമർഥിച്ച ശാസ്ത്രജ്ഞനാണ് അദ്ദേഹം.**

മറുപക്ഷം വാദിച്ചു.

പ്രപഞ്ച ഘടനയെക്കുറിച്ചുള്ള വാഗ്വാദങ്ങൾ തുടരുന്നതിനിടയാലാണ് എഡ്വിൻ ഹബിൽ (Edwin Hubble) കടന്നുവന്നത്. ക്ഷീരപഥം നമ്മൾ വിചാരിക്കുന്നതിനെക്കാൾ വലുതാണെന്നും അതിനപ്പുറം വേറെയും ഗ്യാലക്സികളുണ്ടെന്നും അദ്ദേഹം തെളിവ് സഹിതം സമർഥിച്ചു. അക്കാലത്ത് ഒമ്പത് ഗ്യാലക്സികളുണ്ടെന്ന് അദ്ദേഹം നിരീക്ഷിക്കുകയുണ്ടായി. പ്രപഞ്ചം വികസിക്കുന്നുണ്ടെന്നും ഗ്യാലക്സികൾ തമ്മിൽ അകലുന്നുണ്ടെന്നും 1929ൽ അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. ഗ്യാലക്സികൾ അകലുന്ന വേഗത അവ തമ്മിലുള്ള അകൽച്ച കൂടുന്നതിനനുസരിച്ച് വർധിക്കുന്നുവെന്ന അദ്ദേഹത്തിന്റെ കണ്ടെത്തൽ ശാസ്ത്രലോകത്തെ പിടിച്ചു കുലുക്കി.

പ്രപഞ്ച വികാകസത്തെ കുറിച്ചുള്ള ഹബിളിന്റെ തത്ത്വത്തിൽനിന്നും ബോധനം ഉൾക്കൊണ്ട് ബൽജിക്കൻ കത്തോലിക്കാ പുരോഹിതനും ഊർജതന്ത്ര- ഗോളശാസ്ത്ര ശാസ്ത്രജ്ഞനുമായ ജോർജ്ജ് ലോമ്ടർ (Georges Henri Joseph Edouard Lemaitre) മഹാ വിസ്ഫോടന തത്ത്വത്തിന് ബീജാവാപം നൽകി. മതവും ശാസ്ത്രവും പഠിച്ച ഇദ്ദേഹമാണ് വികസിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചം ബില്യൺ കണക്കിന് വർഷങ്ങൾക്ക് മുമ്പ് ഒരു കേന്ദ്ര ബിന്ദുവിൽനിന്നും മഹാവിസ്ഫോടനത്തിലൂടെ രൂപപ്പെട്ടതാണെന്ന് ശാസ്ത്രീയമായി തെളിയിച്ചത്. ഭൂരിഭാഗം ഗോളശാസ്ത്രജ്ഞരും അംഗീകരിക്കുന്ന ഈ വിസ്ഫോടന സിദ്ധാന്തം ഖുർആനിന്റെ അധ്യാപനങ്ങൾക്കും അനുയോജ്യമാണ്. സൂറത്തുൽ അമ്പിയാഅ് 30-ാം വചനത്തിൽ ഇപ്രകാരം കാണാം: "ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപ്പെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?"

ഈ പ്രപഞ്ചത്തിന്റെ ഉത്ഭവത്തെ കുറിച്ച് ശാസ്ത്രം കണ്ടെത്തിയ വസ്തുതകൾ ഒരു സൂക്തത്തിന്റെ ശകലത്തിലൂടെ ഖുർആൻ വ്യക്തമാക്കുന്നതായി നാം കാണുന്നു. പ്രസ്തുത വചനത്തിൽ 'റത്ക്' എന്ന ഒരു പദം കാണാം. അതിന്റെ അർഥം പല വസ്തുക്കൾ കൂടിച്ചേർന്നത് എന്നാണ്. പ്രപഞ്ചം അതിന്റെ പ്രഥമ പിണ്ഡമായിരിക്കെ ദൃശ്യവും അദൃശ്യവുമായി പല വസ്തുക്കൾ ചേർന്നതായിരുന്നു. മറ്റൊരു പദം 'ഫതക' എന്നതാണ്. അതിനർഥം 'ശക്തമായി പിളർത്തുക' എന്നാണ്. മഹാവിസ്ഫോടനം ഒരു ശക്തമായ പൊട്ടിപ്പിളരലായരുന്നു. ഈ വചനത്തിന്റെ ആദ്യത്തിൽ അവിശ്വാസികൾ കാണുന്നില്ലേ എന്നാണ് ചോദിക്കുന്നത്. ഈ രംഗത്തെ കണ്ടെത്തലുകൾ നടത്തിയത് അവിശ്വാസികളായിരുന്നുവെന്നത് മറ്റൊരു വിസ്മയമാണ്.

*(തുടരും)*

റോഷൻ പുനലൂർ
: 8590613225



# സ്വവർഗ ലൈംഗികത; തിരിച്ചറിയേണ്ട വസ്തുതകൾ

സ്വവർഗ ലൈംഗികത സമൂഹത്തിൽ വീണ്ടും ചർച്ചാവിഷയമായിരിക്കുകയാണ്. പുരോഗമന നാട്യക്കാർ ഇങ്ങനെയുള്ള വല്ല വിഷയവും കാത്തിരിക്കുകയാണ്; എതിർപ്പുള്ളവരെ നേരിടാനായി!

ലൈംഗിക ന്യൂനപക്ഷങ്ങൾ എന്ന പേരിൽ, രാഷ്ട്രീയ പരിരക്ഷ കൂടി ലഭിക്കുന്ന വിഭാഗമായി സ്വവർഗപ്രേമികളായ പുരുഷൻമാരും സ്ത്രീകളും കൂടുതൽ ദൃശ്യപ്പെടുന്ന കാലമാണിത്. തങ്ങളുടെ സ്വവർഗ ലൈംഗിക കാമനകളെ പൊതുയിടങ്ങളിൽ സ്വാഭാവികവത്കരിക്കാനും (Homonormativity) മതം, രാഷ്ട്രം, സമൂഹം എന്നിവക്കകത്ത് തന്നെ പ്രത്യേക ഇടങ്ങൾ നേടിയെടുക്കാനുമുള്ള ശ്രമത്തിലാണവർ.

സെക്യുലർ, ലിബറൽ ഉത്തരാധുനിക പരിസരങ്ങളിൽ തങ്ങൾ പൊതുവെ സ്വീകരിക്കപ്പെടുന്നുണ്ടെങ്കിലും, മത - സാംസ്കാരിക പാരമ്പര്യങ്ങൾ തങ്ങളുടെ സ്വത്വരൂപീകരണത്തിന് കാര്യമായ തടസ്സം സൃഷ്ടിക്കുന്നുണ്ട് എന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. ഈ പ്രതിസന്ധി മറികടക്കാൻ കേവലം മതപാരമ്പര്യങ്ങളെ തള്ളിപ്പറയൽകൊണ്ട് സാധിക്കുകയില്ലെന്നും

> പാഠപുസ്തകങ്ങളിലൂടെയും പാതയോരങ്ങളിലൂടെയും എഴുന്നള്ളിച്ച് പരാജയപ്പെട്ട സ്വവർഗ ലൈംഗികത റിയാലിറ്റി ഷോകളിലൂടെ ഒളിച്ചു കടത്താനാണ് പുരോഗമന നാട്യക്കാരുടെ പുതിയ ശ്രമം. പൊതുസമൂഹത്തിന്റെ പരിച്ഛേദമായ കുടുംബങ്ങളിലേക്കും അതുവഴി സ്വന്തം വീടകങ്ങളിലേക്കും കേറിത്താമസിക്കുന്നതുവരെ, പ്രചാരകർ ഇതിന്റെ വിനാശം പൂർണമായും മനസ്സിലാക്കുകയില്ല.

പകരം മതത്തിനകത്ത് തന്നെ ദൈവശാസ്ത്രപരമായും നൈതികമായും സ്വവർഗലൈംഗികതക്ക് ഇടം കണ്ടെത്തലാണ് കൂടുതൽ പ്രായോഗികം എന്നും അവർ വിലയിരുത്തിയിട്ടുണ്ട്.

ഇതിനുവേണ്ടി ഈ നൂറ്റാണ്ടിന്റെ തുടക്കംമുതൽ തന്നെ തിരുത്തൽ വാദികളും (Revisionists) ആക്ടിവിസ്റ്റുകളും ഖുർആൻ-ഹദീസ് എന്നിവയിൽ നിന്നും സ്വവർഗ ലൈംഗിക സ്വത്വത്തെ സ്ഥാപിക്കാൻ വേണ്ടിയുള്ള ജ്ഞാനോദ്പാദന പ്രക്രിയയിൽ ഏർപ്പെട്ടതായി കാണാം. ഈ സാഹചര്യത്തിൽ സ്വവർഗ ആക്ടിവിസ്റ്റുകളുടെയും ഖുർആൻ-ഹദീസ് തിരുത്തൽവാദികളുടെയും വാദങ്ങളിലെ ആന്തരികവൈരുധ്യങ്ങളും രീതിശാസ്ത്രപരമായ വൈകല്യങ്ങളും വിശകലനം ചെയ്യുന്നത് പ്രസക്തമായിരിക്കും.

LGBTQ എന്ന് പൊതുവെ വ്യവഹരിക്കപ്പെടുന്നവരിൽ സ്ത്രീകൾക്കിടയിലെ സ്വവർഗരതിക്കാർ (Lesbians), പുരുഷൻമാർക്കിടയിലെ സ്വവർഗരതിക്കാർ(Gays), അപരലൈംഗികതയും സ്വവർഗലൈംഗികതയും ഒരുപോലെ പുലർത്തുന്നവർ (Bisexuals) എന്നിവരുടെ ലൈംഗികസ്വത്വവും അതിന്റെ മതപരമായ സാധുതയുമാണ് ഈ വിശകലനത്തിന്റെ കേന്ദ്രബിന്ദു.

**ലൈംഗികമായ സ്വത്വരൂപീകരണത്തിന്റെ പ്രശ്നങ്ങൾ**

ചരിത്രത്തിൽ എല്ലാ സമൂഹങ്ങളിലും സ്വവർഗമോഹികളായ ആളുകൾ ഉണ്ടായതുപോലെ മുസ്‌ലിം സമൂഹങ്ങൾക്കിടയിലും ഉണ്ടായിട്ടുണ്ട്. സ്ഥലകാല വ്യത്യാസങ്ങളില്ലാതെ സ്വവർഗലൈംഗിക തൽപരരായ ആളുകൾ ജീവിച്ചിരുന്നു എന്നത് നിഷേധിക്കാവതല്ല. മധ്യകാല മുസ്‌ലിംകൾക്കിടയിൽ നിലനിന്നിരുന്ന സ്വവർഗ ലൈംഗികതയുമായി ബന്ധപ്പെട്ട് പഠനങ്ങൾ പുറത്തുവന്നിട്ടുണ്ട്. അവയിൽ ഏറ്റവും ശ്രദ്ധേയമായതാണ് ഖാലിദ് അൽ റോഹബ് എഴുതിയ' 'ബിഫോർ ഹോമോസെക്ഷ്വാലിറ്റി ഇൻ ദി അറബ്-ഇസ്‌ലാമിക് വേൾഡ്' എന്ന പഠനം. സ്വവർഗ ലൈംഗിക മോഹങ്ങളുടെ പൂർത്തീകരണം എന്നതിനെക്കാൾ രാഷ്ട്രീയാധികാരം സ്ഥാപിക്കാനും ശത്രുക്കൾക്കെതിരെയുള്ള ഹിംസക്കും പ്രതികാരത്തിനുമുള്ള ഉപാധിയായും സ്വവർഗലൈംഗികത നിലനിന്നിരുന്നതായി ഖാലിദ് റോഹബ് രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യന്റെ തിന്മ ചെയ്യാനുള്ള നൈസർഗികമായ മറ്റു തെരഞ്ഞെടുപ്പുകളെപ്പോലെയുള്ള ഒരു തെരഞ്ഞെടുപ്പായാണ് ഇതിനെ അവർ മനസ്സിലാക്കിയിരുന്നത്.

എന്നാൽ മുസ്‌ലിം പണ്ഡിതർ ആരും ഇതിനെ നിയമപരമായി കണ്ടിരുന്നില്ല. മാത്രമല്ല സ്ത്രീ-പുരുഷ വ്യഭിചാരത്തെക്കാൾ ഗൗരവകരമായ കുറ്റമായി സ്വവർഗരതിയെ പ്രാമാണികമായി അവർ മനസ്സിലാക്കുകയും ചെയ്തിരുന്നു.

സ്വവർഗ ലൈംഗികതക്കായി വാദിക്കുന്നവരും അതിനുവേണ്ടി പ്രവർത്തിക്കുന്നവരും ഉളവാക്കുന്ന ഏറ്റവും വലിയ നൈതികപ്രശ്നം അവർ അവരുടെ ലൈംഗിക കാമനകളെ പൂർത്തീകരിക്കുന്നു എന്നതിനെക്കാൾ അത് അവരുടെ സ്വത്വത്തിന്റെ പ്രധാന ഉള്ളടക്കമായി മനസ്സിലാക്കുന്നു എന്നതാണ്.

ആഗ്രഹങ്ങളും ചോദനകളും ഉണ്ടാകുന്നത് കുറ്റകരമല്ല, അവ മനുഷ്യരിൽ ദൈവം നൈസർഗികമായി നിക്ഷേപിച്ചതാണ്. എന്നാൽ അതിനനുസരിച്ച് ഉണ്ടാകുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ഇഛകൾക്കെതിരായി പൊരുതുന്നവനാണ് മുസ്‌ലിം; ഇഛകൾക്കനുസരിച്ച് തിന്മകളിലൂടെ വിഹരിക്കുന്നവനല്ല.

"അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തു

ആഗ്രഹങ്ങളും ചോദനകളും ഉണ്ടാകുന്നത് കുറ്റകരമല്ല, അവ മനുഷ്യരിൽ ദൈവം നൈസർഗികമായി നിക്ഷേപിച്ചതാണ്. എന്നാൽ അതിനനുസരിച്ച് ഉണ്ടാകുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കാൻ ഇസ്‌ലാം ആവശ്യപ്പെടുന്നു. ഇഛകൾക്കെതിരായി പൊരുതുന്നവനാണ് മുസ്‌ലിം; ഇഛകൾക്കനുസരിച്ച് തിന്മകളിലൂടെ വിഹരിക്കുന്നവനല്ല.

കയും ചെയ്യുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

സ്വവർഗാനുരാഗം എന്ന ചോദന മാത്രമല്ല, അതിനെക്കാൾ ഹീനവും വികൃതവുമായ പല ചോദനകളും മനുഷ്യരിൽ ഉണ്ടാവാം. എന്നാൽ അത് ഒരു വിഭാഗം ആളുകളുടെ സ്വത്വത്തെ നിർണയിക്കുന്നതായി മനസ്സിലാക്കപ്പെടുകയും അത് ഒരു സ്വത്വവാദമായി മാറുകയും ചെയ്യുന്നത് ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുക. ഒരു കുടുംബത്തിലെ മക്കൾ മുഴുവൻ സ്വവർഗാനുരാഗികളായി മാറിയാൽ ആ കുടുംബം കുറ്റിയറ്റു പോകും. ഒരു പ്രദേശത്തെ കുടുംബത്തിലുള്ളവരെല്ലാം അങ്ങനെ മാറിയാലോ? ഗേ, ലെസ്ബിയൻ വിവാഹങ്ങൾ സാർവത്രികമായാൽ എന്തായിരിക്കും നാടിന്റെ അവസ്ഥ?

സ്വത്വരൂപീകരണത്തിനു വേണ്ടി ക്വിയർ (Queer) ആക്റ്റിവിസ്റ്റുകൾ ഉന്നയിക്കുന്ന ന്യായം സാധാരണ സ്ത്രീ-പുരുഷൻമാർക്കിടയിൽ കാണപ്പെടുന്നതിൽനിന്നും വ്യത്യസ്തമാണ് തങ്ങളുടെ ലൈംഗികാഭിമുഖ്യം (Orientation) എന്നും അത് തങ്ങളിൽ പ്രകൃതിപരമായിത്തന്നെ ഉള്ളതാണ് എന്നുമാണ്. ലൈംഗികാഭിമുഖ്യത്തിന്റെ കാര്യത്തിൽ ന്യൂനപക്ഷമാണെന്നതിനാൽ തങ്ങൾക്ക് പ്രത്യേക അവകാശങ്ങൾ വേണമെന്ന രാഷ്ട്രീയപരമായ ആവശ്യവും അവർ ഉന്നയിക്കുന്നു.

ഞങ്ങൾ ഒരു യാഥാർഥ്യമാണ്, അതുകൊണ്ട് ഞങ്ങളെ കാണാൻ ശ്രമിക്കൂ എന്നാണവർ പറയുന്നത്. യഥാർഥത്തിൽ ഏത് ലൈംഗികാഭിമുഖ്യമാണ് 'പ്രകൃതിപരമായി' മനുഷ്യനിൽ ഇല്ലാത്തത്? ഏത് ലൈംഗികചോദനയാണ് മനുഷ്യന്റെ പ്രകൃതമല്ലാത്തത്? മൃഗത്തോട് ലൈംഗികവൃത്തിയിൽ (Bestiality) ഏർപ്പെടാനുള്ള ചോദനയെയും 'പ്രകൃതിപരം' എന്നു വിശേഷിപ്പിച്ചുകൂടേ? വിവാഹം കഴിച്ചവർക്ക് വിവാഹബാഹ്യ ലൈംഗിക മോഹങ്ങൾ തോന്നുന്നത് പ്രകൃതിചോദനയല്ലേ? മാതാവും പിതാവും അടങ്ങുന്ന ബന്ധുക്കളോട് ചിലർ നടത്തുന്ന ലൈംഗിക വേഴ്ച (Incest) അവരുടെ പ്രകൃതി ചോദനയല്ലേ? ശവഭോഗ(Necrophilia)ത്തിനു ത്വരയുള്ളവർ അത് ചെയ്യുന്നത് അവനവന്റെ പ്രകൃതി ചോദനക്ക് വഴങ്ങിയല്ലേ? വ്യഭിചാരം, മദ്യപാനം, മോഷണം തുടങ്ങിയവയെല്ലാം എന്തു ചോദനയാണ്?

മേൽ പറഞ്ഞ ലൈംഗികചോദനകൾ മുഴുവൻ മനുഷ്യരിൽ ഉണ്ടാകാൻ ഇടപെടുന്നതിനെക്കാൾ വ്യത്യസ്തമായ ഇടപെടലാണോ 'പ്രകൃതി' സ്വവർഗപ്രേമികളിൽ നടത്തുന്നത്? മറ്റുള്ള ലൈംഗിക ആഭിമുഖ്യമുള്ളവരിൽ ഉള്ളതിനെക്കാൾ സവിശേഷമായ എന്ത് ഇടപെടലാണ് സ്വവർഗപ്രേമികളിൽ ലൈംഗികാഭിമുഖ്യം സൃഷ്ടിക്കാൻ 'പ്രകൃതി' നടത്തുന്നത്? മൃഗഭോഗം, ശവഭോഗം പോലെയുള്ള നികൃഷ്ടമായ ആഭിമുഖ്യത്തെക്കാൾ 'വിശുദ്ധമായ' എന്താണ് സ്വവർഗ ലൈംഗിക ആഭിമുഖ്യത്തിലുള്ളത്? സ്വേഛപരമായ ലൈംഗികാഭിമുഖ്യം എന്ന ഒന്ന് നിലനിൽക്കുന്നുണ്ടോ? ഇത്തരം രതിവൈകൃതങ്ങളെല്ലാം സ്വേഛപരമാണെന്നും സ്വവർഗാനുരാഗം മാത്രം സ്വേഛപരമല്ലാതെ, ഒഴിച്ചുനിർത്താനാവാത്ത 'പ്രകൃതിയുടെ' സൃഷ്ടിയാണെന്നും പറയുന്നത് എത്രമാത്രം നിരർഥകമാണ്!

ബ്രീട്ടീഷ് ശാസ്ത്ര ജേണലിസ്റ്റായ എഡ്‌യോങ് 'ദി അറ്റ്ലാന്റിക്' മാസികയിൽ എഴുതിയത് 'സ്വവർഗപ്രേമികളുടെ ലൈംഗിക ചോദന അവരുടെ ശരീര ഘടനയിൽ ആദ്യമെ നിർണയിക്കപ്പെട്ടതായോ, അല്ലെങ്കിൽ അവരുടെ ലൈംഗികാഭിമുഖ്യം സ്വവർഗത്തോട് മാത്രമായി നിശ്ചയിക്കപ്പെട്ടതായോ അസന്ദിഗ്ധമായി തെളിയിക്കുന്ന യാതൊരു ജനിതക സൂചനയും ലഭ്യമായിട്ടില്ല' എന്നാണ്.

ഇനി അങ്ങനെ ലഭ്യമായാൽ തന്നെ അതിന് ധാർമികമായ ന്യായീകരണം നൽകാൻ ഇസ്‌ലാമിക പ്രമാണങ്ങളിൽ തെളിവുകളില്ലതാനും. സ്വവർഗപ്രേമത്തിന് ഇസ്‌ലാമിനകത്ത് സാധൂകരണം നൽകാൻ വേണ്ടിയുള്ള രചനാ പദ്ധതിയിലേർപ്പെട്ടവരിൽ ഏറ്റവും പ്രമുഖനായ സിറാജ് സ്കോട്ട് കൂഗ്ളിന്റെ സിദ്ധാന്തങ്ങളെ രീതി

ശാസ്ത്രപരമായിത്തന്നെ ഇഴകീറി പരിശോധിച്ച് ദീർഘമായ പഠനമെഴുതിയ മുബീൻ വയ്ദ് ഇക്കാര്യം വിശദമായി എഴുതിയിട്ടുണ്ട്.

പ്രകൃതിപരമായ ചോദനമൂലമാണ് സ്വവർഗലൈംഗികതയെ ആഗ്രഹിക്കുന്നത് എന്ന വാദത്തിൽ അവ്യക്തതയുണ്ടെന്നാണ് പറഞ്ഞുവരുന്നത്. സ്വവർഗലൈംഗികതക്കു വേണ്ടി സൈദ്ധാന്തിക അടിത്തറ ഒരുക്കാൻ കഷ്ടപ്പെടുന്നവർക്കിടയിൽ തന്നെ ഈ അവ്യക്തത നിലനിൽക്കുന്നുണ്ട്എന്നതാണ് രസകരമായ കാര്യം. സ്വവർഗലൈംഗികാഭിമുഖ്യം ഒരാളുടെ സ്വത്വത്തിൽ സത്താപരമായി (Essentialist) ഉള്ളതാണോ അതോ സാമൂഹിക നിർമിതിയാണോ (Constructionist) എന്ന സജീവ തർക്കം അവർക്കിടയിൽ തന്നെ നിലനിൽക്കുന്നുണ്ട്. ലൈംഗികമായ സത്താവാദം സ്വവർഗപ്രേമികളുടെ അവകാശ സംരക്ഷണത്തിന് പര്യപ്തമല്ല എന്ന് സാമൂഹികനിർമിതി വാദക്കാർ ആരോപിക്കുന്നു.

എന്നാൽ, സ്വവർഗാഭിമുഖ്യം ഒരാളിൽ സത്താപരമായി ഉണ്ടെന്ന് മനസ്സിലാക്കി മുന്നോട്ട് പോയാൽ മാത്രമെ സ്വവർഗാനുരാഗികളുടെ അവകാശങ്ങളെ പൂർണമായും സംരക്ഷിക്കാൻ കഴിയൂ എന്ന് സത്താവാദികളും പറയുന്നു. സ്വവർഗാനുരാഗികളുടെ ലൈംഗികാഭിമുഖ്യം അവരുടെ സ്വത്വത്തിൽ സത്താപരമായി ആദ്യമെ തീരുമാനിക്കപ്പെടുന്നതും മാറ്റാൻ കഴിയാത്തതുമാണ് എന്ന വാദമാണ് സ്കോട്ട് കൂഗ്ളിനെ പോലുള്ള ആളുകൾ ഉന്നയിച്ചിക്കുന്നത്. എന്നാൽ, പ്രസിദ്ധ ക്വിയർ ആക്ടിവിസ്റ്റും അമേരിക്കയിലെ വ്യത്യസ്ത സമൂഹങ്ങളുടെ ലൈംഗിക ചരിത്രത്തിൽ വിദഗ്ധയുമായ ഹാൻ ബ്ളാങ്ക് അടക്കമുള്ള നിരവധി പേർ ഈ സത്താവാദത്തിനെതിരെ ശക്തമായി രംഗത്തു വന്നിട്ടുണ്ട്. സ്വവർഗാഭിമുഖ്യത്തിന്റെ പ്രകൃതവും സ്വഭാവവും അതിനുവേണ്ടി വാദിക്കുന്നവർക്ക് തന്നെ ഇപ്പോഴും വ്യക്തമായി മനസ്സിലാവാത്ത സാഹചര്യത്തിൽ, അത് സാർവത്രികമായാൽ സമൂഹത്തിലും കുടുംബ ഘടനയിലും ഉളവാക്കുന്ന പരിക്കും കൃത്യമായി മനസ്സിലാക്കാൻ കഴിയില്ല.

ചില ചോദ്യങ്ങൾ ഇക്കാര്യത്തിൽ ഇനിയും ബാക്കിയാണ്. ഒരാൾക്ക് സ്വവർഗത്തിൽപെട്ട മറ്റൊരാളോട് താൽക്കാലികമായി തോന്നുന്ന തൃഷ്ണയെ മനുഷ്യ മനസ്സിന്റെ സ്വാഭാവിക കാമനയായി മനസ്സിലാക്കാതെ അതിനെ അയാളുടെ സ്വത്വത്തിന്റെ നിർണായക ഘടകമാക്കി മാറ്റുന്നത് എന്തിനാണ്? ലൈംഗികതയെ ഒരാളുടെ സ്വത്വത്തിന്റെ ഭാഗമായി മനസ്സിലാക്കുകയും ആ സ്വത്വത്തെ രാഷ്ട്രീയമായി ഉന്നയിക്കുകയും ചെയ്യുന്നത് എന്തിനാണ്? അങ്ങനെ മനുഷ്യമനസ്സിൽ പ്രകടമാവുന്ന ഓരോ ലൈംഗിക തൃഷണയെയും സ്വത്വനിർണയം നടത്തുന്ന ഉപാധിയായി പരിഗണിക്കുമെങ്കിൽ മൃഗഭോഗം, ശവഭോഗം, തുടങ്ങിയ മറ്റു വികൃതമായ സാധ്യതകളെ കൂടി അവർ ഉൾക്കൊള്ളാൻ തയ്യാറാവുമോ? അങ്ങനെ വികസിച്ചുവരുന്ന വൈവിധ്യത്തെ അവർ ഉൾക്കൊള്ളുമോ?



ഉൾക്കൊള്ളാൻ തയ്യാറാവുമെങ്കിൽ അവർ മനുഷ്യകുലത്തെ വല്ലാത്ത നികൃഷ്ടമായ അവസ്ഥയിലേക്കായിരിക്കും തള്ളിവിടുക. ഇനി, തയ്യാറാവില്ല എങ്കിൽ അവരുടെ സൈദ്ധാന്തിക ചട്ടക്കൂട് അത്രയും ദുർബലമാണെന്നും അവരുടെ സിദ്ധാന്തങ്ങൾ സ്വയം തന്നെ പരസ്പരവിരുദ്ധമാണെന്നുമല്ലേ അർഥം? ഇങ്ങനെ ദുർബലമായ ചട്ടക്കൂടിൽ നിന്നുകൊണ്ട് ഉന്നയിക്കപ്പെടുന്ന സ്വവർഗവിവാഹം, സ്വവർഗദാമ്പത്യം തുടങ്ങിയ അവകാശങ്ങൾ അവർക്ക് വകവെച്ച് കൊടുക്കാനുള്ള ബാധ്യത സമൂഹത്തിന് ഉണ്ടോ? തീർച്ചയായും ഇല്ല!

സ്വവർഗലൈംഗികാഭിമുഖ്യം അടിസ്ഥാനമാക്കി സ്വത്വരൂപീകരണം നടത്തുന്നത് സംബന്ധിച്ച് മറ്റുചില അവ്യക്തതകൾ കൂടി നിലനിൽക്കുന്നുണ്ട്. അതായത്, നമ്മുടെ നാടുകളിൽ മുൻകാ

ലങ്ങളിൽ സ്വലിംഗരമികളായ കൗമാരക്കാരും മധ്യവയസ്ക രും ഉണ്ടായിരുന്നു. ഇപ്പോഴും ഉണ്ട്. ഞങ്ങൾ അത്തരക്കാരാ ണെന്ന് സമൂഹത്തോട് അവർ വിളിച്ചു പറഞ്ഞിട്ടില്ല. അത് മറ്റു ള്ളവർ അറിയുന്നത് അവർക്ക് മാനക്കേടായിരുന്നു. അവരിൽ എല്ലാ മതക്കാരുമുണ്ട്. അവർ ക്കു പ്രത്യേകമായൊരു പദവി യും പരിവേഷവും സമൂഹം കൊടുത്തിട്ടില്ല. അവർ കാലക്ര മേണ അതിൽനിന്നും പിൻമാറു കയും എതിർലിംഗത്തിൽ പെട്ട വരെത്തന്നെ വിവാഹം കഴിച്ച് വിജയകരമായ കുടുംബജീവി തം നയിക്കുകയും ചെയ്യുന്നു.

സ്വലിംഗത്തോട് ലൈംഗിക കാമന പ്രകടിപ്പിക്കുന്നവരുടെ ജീവിതത്തിൽ നടക്കുന്ന ഈ പ്രക്രിയ കാലാകാലങ്ങളായി എല്ലാ സമൂഹത്തിലും കണ്ടുവ രുന്നതാണ്. എന്നാൽ സ്വവർ ഗാനുരാഗികൾ എന്ന, പ്രത്യേക ജൈവികസ്വത്വം അവകാശപ്പെ ട്ട് രംഗത്തുവരുന്നവർ വാദിക്കു ന്നത് ചില ജീവിതഘട്ടങ്ങളിൽ താൽക്കാലികമായി തോന്നുന്ന ഇത്തരം കാമനകൾ അവർക്ക് ഒഴിച്ചുകൂടാനാകാത്തതോ അവ രുടെ അനൈച്ഛികമായ ലൈം ഗികാഭിമുഖ്യമോ ആണെന്നാ ണ്. എന്നാൽ, സ്വലിംഗത്തോട് ആഭിമുഖ്യം പ്രകടിപ്പിക്കുന്ന എല്ലാവരും ഇവർ വാദിക്കുന്ന തു പോലെയല്ല എന്നത് വ്യക്ത മാണ്. മറിച്ചാണെങ്കിൽ പിന്നീട് അവർ വിജയകരമായ കുടുംബ ജീവിതം നയിക്കുന്നത് എങ്ങ നെയാണ്?

ഇനി ചിലയാളുകളിൽ മാത്രം ഇത്തരം ആഭിമുഖ്യം ജനിതക മായി/പ്രകൃതിപരമായി കോഡ് ചെയ്യപ്പെടുന്നു എന്നും അതി

> ഒരാൾക്ക് സ്വവർഗത്തിൽപെട്ട മറ്റൊരാളോട് താൽക്കാലിക മായി തോന്നുന്ന തൃഷ്ണയെ മനുഷ്യ മനസ്സിന്റെ സ്വാഭാവിക കാമനയായി മനസ്സിലാക്കാതെ അതിനെ അയാളുടെ സ്വത്വ ത്തിന്റെ നിർണായക ഘടകമാക്കി മാറ്റുന്നത് എന്തിനാണ്? ലൈംഗികതയെ ഒരാളുടെ സ്വത്വത്തിന്റെ ഭാഗമായി മനസ്സിലാ ക്കുകയും ആ സ്വത്വത്തെ രാഷ്ട്രീയമായി ഉന്നയിക്കുകയും ചെയ്യുന്നത് എന്തിനാണ്? അങ്ങനെ മനുഷ്യമനസ്സിൽ പ്രകട മാവുന്ന ഓരോ ലൈംഗിക തൃഷണയെയും സ്വത്വനിർണയം നടത്തുന്ന ഉപാധിയായി പരിഗണിക്കുമെങ്കിൽ മൃഗഭോഗം, ശവഭോഗം, തുടങ്ങിയ മറ്റു വികൃതമായ സാധ്യതകളെ കൂടി അവർ ഉൾക്കൊള്ളാൻ തയ്യാറാവുമോ? അങ്ങനെ വികസിച്ചുവ രുന്ന വൈവിധ്യത്തെ അവർ ഉൾക്കൊള്ളുമോ?

നാൽ അവരുടെ ലൈംഗികസ്വത്വം പ്രത്യേകം പരിഗണിക്കണമെ ന്നുമാണ് വാദമെങ്കിൽ അവിടെയും ചില അവ്യക്തതകൾ നിലനില്ക്കു ന്നുണ്ട്. സ്വവർഗ ലൈംഗികാഭിമുഖ്യം പ്രകടിപ്പിക്കുന്ന ആളുകളിൽ ചിലർ അതിൽനിന്ന് പിൻമാറുന്നുണ്ടെങ്കിൽ അവർക്കുണ്ടാവുന്നതും പ്രകൃതിപരമായചോദന തന്നെയല്ലേ? അല്ലെങ്കിൽ ഏതാണ് പ്രകൃ തിപരമായി രൂപപ്പെട്ട ആഭിമുഖ്യം എന്ന് നിർണയിക്കേണ്ടതുണ്ട്.

ചിലർ സാഹചര്യങ്ങൾക്കനുസരിച്ച് സ്വലിംഗത്തോടും എതിർലിം ഗത്തോടും ഒരുപോലെ ആകൃഷ്ടരാവുമെങ്കിലും ആ രണ്ട് ചോദന കളെയും തരം പോലെ മറികടക്കാനും സാഹചര്യത്തിനനുസരിച്ച് മുന്നോട്ട് പോകാനും അവർക്ക് കഴിയുന്നു. ഈ പ്രക്രിയയെ എങ്ങ നെയാണ് വിശദീകരിക്കേണ്ടത്? ഒഴിച്ചുകൂടാനാകാത്തവിധം തങ്ങ ളുടെ സ്വത്വത്തിൽ അലിഞ്ഞു ചേർന്നതാണ് സ്വവർഗലൈംഗിക സ്വത്വമെങ്കിൽ അത് നിർണയിക്കാനുള്ള മാനദണ്ഡങ്ങൾ ഇപ്പോഴും വ്യക്തമല്ല എന്നതാണ് ശ്രദ്ധേയമായ കാര്യം. അതുകൊണ്ട് തന്നെ ഇത്തരം അവ്യക്തതകൾക്ക് പരിഹാരം കാണാതെ സ്വവർഗപ്രേമി കൾക്ക് മാത്രമായി ഒരുപ്രത്യേക സ്വത്വം അനുവദിച്ചുകൊടുക്കുന്ന ത് യുക്തിസഹമാണെന്ന് തോന്നുന്നില്ല.

**രണ്ടു ലോകവീക്ഷണങ്ങൾ**

ധാർമികത, ലൈംഗികത എന്നിവ സംബന്ധിച്ച് ലിബറൽ ലോ കവീക്ഷണവും ഇസ്‌ലാമിക ലോകവീക്ഷണവും തമ്മിലുള്ള ശ്ര ദ്ധേയമായ ചില വ്യത്യാസങ്ങൾ വിലയിരുത്തുന്നത് ഈ പശ്ചാത്ത ലത്തിൽ വളരെയധികം പ്രസക്തമാണ്.

മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ധാർമികത നിശ്ചയിക്കാനുള്ള അവകാശം വ്യക്തിക്ക് വിട്ടുകൊടുക്കുന്നതിലൂടെ ലിബറൽ ലോ കവീക്ഷണം മനുഷ്യനെ എടുത്തെറിയുന്നത് അഗാധമായ ദുരന്ത ത്തിലേക്കാണ്. വ്യക്തിയുടെ ഇഷ്ടങ്ങൾക്ക് സമൂഹത്തിന്റെ കെട്ടുറ പ്പിനെക്കാൾ പ്രാധാന്യം നൽകുന്ന ലോകവീക്ഷണമാണ് ലിബറൽ, സെക്യുലർ, നിരീശരവാദ ലോകവീക്ഷണങ്ങൾ പുലർത്തുന്നത്. കുടുംബം, വിവാഹം പോലുള്ള സാമൂഹിക സ്ഥാപനങ്ങളെ അവ പലപ്പോഴും നിരാകരിക്കുന്നു. ലിബറലിസത്തിന് മേൽക്കൈയുള്ള പടിഞ്ഞാറൻ നാഗരികതയിലും ലോകവീക്ഷണത്തിലും ഒരു ബാ ഹ്യശക്തിക്കും വഴങ്ങാത്ത, പരമാധികാരിയായ ഒന്നാണ് മനുഷ്യ

ന്റെ ആത്മം (Self). അതിനെ പരമാവധി കെട്ടഴിച്ചുവിടണമെന്നും ദൈവം, പാരമ്പര്യം തുടങ്ങിയ നിയന്ത്രണങ്ങളിൽനിന്നും അതിനെ വിമോചിപ്പിക്കണം എന്നുമാണ് നീഷേയും സാർത്രും എല്ലാം വികസിപ്പിച്ച പടിഞ്ഞാറൻ ദർശനം നിർദേശിക്കുന്നത്. അങ്ങനെ കയറൂരിവിടപ്പെട്ട ആത്മത്തിന്റെ പ്രതിഫലനമാണ് 'സമ്മതം' (Consent) എന്ന് ടോളിഡോ യൂണിവേഴ്സിറ്റിയിലെ പ്രമുഖ പണ്ഡിതനായ ഒവാമിർ അൻജും തന്റെ 'ഇസ്‌ലാം ആൻഡ് ഹോമോസെക്ഷ്വാലിറ്റി' എന്ന ലേഖനത്തിൽ നിരീക്ഷിക്കുന്നുണ്ട്. സമ്മതമുണ്ടെങ്കിൽ ആരുമായും ഏതുതരം ലൈംഗികതയുമാവാം എന്ന സിദ്ധാന്തം ഉരുത്തിരിയുന്നത് അങ്ങനെയാണ്. ഈ അടിത്തറയിൽ നിന്നുകൊണ്ടാണ് സ്വവർഗലൈംഗികത സ്വാഭാവികവൽക്കരിക്കപ്പെടുന്നത് എന്ന് അദ്ദേഹം വിശദീകരിക്കുന്നു.

സമൂഹത്തിന്റെ പൊതുനന്മക്ക് മുകളിൽ വ്യക്തിയെ പ്രതിഷ്ഠിക്കുന്ന സിദ്ധാന്തമാണ് സമ്മതം-വിസമ്മതം എന്ന ആശയങ്ങൾക്ക് രൂപം നൽകിയത്. അഥവാ, സമ്മതമുണ്ടെങ്കിൽ/ പരസ്പര സമ്മതത്തോടെയാണെങ്കിൽ ആർക്കും എന്തു നെറികേടും ചെയ്യാം എന്നതാണ് പ്രസ്തുത സിദ്ധാന്തത്തിന്റെ കാതൽ. മൃഗങ്ങൾ ആസ്വദിക്കുമെങ്കിൽ അവയുമായി ലൈംഗികബന്ധമാവാം എന്നും, മാതാപിതാക്കളുമായി വരെ ലൈംഗികബന്ധമാവാം എന്നും വിലയിരുത്തുന്ന യുക്തിവാദികൾ ലോകത്ത് ജീവിക്കുന്നുണ്ടെന്നത് ലിബറൽ ലോകവീക്ഷണം സാധ്യമാക്കിയ ഞെട്ടിക്കുന്ന ആഘാതങ്ങളിലൊന്നാണ്. രക്തബന്ധുക്കളുമായും കൂടെപ്പിറപ്പുകളുമായും തുടങ്ങി മാതാവുമായും പിതാവുമായും വരെ ലൈംഗികബന്ധം ആവാമെന്ന് 2019 ജനുവരിയിൽ പ്രമുഖ യുക്തിവാദി പ്രചാരകൻ സി. രവിചന്ദ്രന്റെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന 'ലിറ്റ്മസ് 19' അന്താരാഷ്ട്ര സ്വതന്ത്ര സെമിനാറിൽ മനുപ്രസാദ് എന്ന യുക്തിവാദി അഭിപ്രായപ്പെട്ടത് ഇതിന്റെ അലയൊലികൾ കേരളത്തിലും എത്തിയതിന്റെ ഉദാഹരണമാണ്.

എന്നാൽ, ഇസ്‌ലാമിന്റേത് വ്യക്തിവാദത്തിനും സമഷ്ടിവാദത്തിനും ഇടയിൽ നിലകൊള്ളുന്ന ഒരു സന്തുലിതമായ ലോകവീക്ഷണമാണ്. സമൂഹത്തിന്റെ കെട്ടുറപ്പുള്ള നിലനിൽപിനെ ബാധിക്കാത്ത നിലപാടാണ് വ്യക്തികൾക്ക് ഇസ്‌ലാം വകവെച്ചുകൊടുക്കുന്നത്. ഇസ്‌ലാമിൽ ഒരു പ്രവൃത്തി അനുവദനീയമാകുന്നതും അല്ലാതാകുന്നതും കേവലം ആപേക്ഷികമോ വ്യക്തിനിഷ്ഠമോ ആയ ധാർമികത അടിസ്ഥാനപ്പെടുത്തിയല്ല. മറിച്ച്, വസ്തുനിഷ്ഠമായ ധാർമികത പരിഗണിച്ചാണ്. അത് തീരുമാനിക്കുന്നത് സ്രഷ്ടാവായതിനാൽ എക്കാലത്തും അത് പ്രായോഗികമായിരിക്കും.

ഒരു വ്യക്തിക്കോ ഒരു രാജ്യത്തിനോ സമൂഹത്തിനോ എപ്പോൾ വേണമെങ്കിലും തങ്ങളുടെ ധാർമികതയെയും ശരിതെറ്റുകളെയും മാറ്റി നിശ്ചയിക്കാവുന്നതാണ്. പക്ഷേ, ദൈവികമായ ധാർമികത വസ്തുനിഷ്ഠവും (Objective Morality)) സാർവലൗകികവും മാറ്റി നിശ്ചയിക്കാൻ കഴിയാത്തതുമാണ്. അതിനാൽ വ്യക്തിക്ക് ഇഷ്ടമാണ് എന്നത് ഒരു പ്രവൃത്തി ചെയ്യാനുള്ള ധാർമികമായ ന്യായമല്ല. വ്യക്തിയുടെ ഇഷ്ടങ്ങൾ ആത്മനിഷ്ഠമാണ് എന്നതാണ് കാരണം. മാത്രമല്ല ചിലപ്പോൾ സമൂഹങ്ങളുടെയും ഭരണഘടനകളുടെ ഇഷ്ടങ്ങൾ പോലും ആത്മനിഷ്ഠമാണ്. ആത്മനിഷ്ഠമായ മുഴുവൻ കാര്യങ്ങളും ആപേക്ഷികവുമാണ്. ശരിതെറ്റുകൾ ആപേക്ഷികമാവുമ്പോൾ മനുഷ്യൻ ദൈവത്തിൽനിന്ന് സ്വതന്ത്രനാകുന്നു എന്നത് ലിബറൽ ലോകവീക്ഷണത്തിന്റെ പ്രഭാവം ഉണ്ടാക്കിയ മതിഭ്രമം മാത്രമാണ്. അതുകൊണ്ടാണ് മാതാവിനെയും പെങ്ങളെയും മൃഗത്തെയും സമ്മതമുണ്ടെങ്കിൽ ഭോഗിക്കാം എന്ന ആത്മനിഷ്ഠമായ യുക്തിയുടെ ഗർത്തങ്ങളിലേക്ക് മുസ്‌ലിംകൾ വീണുപോകാത്തത്.

ഇനി ലൈംഗികതയെ സംബന്ധിച്ച ഇസ്‌ലാമിന്റെ വീക്ഷണമെടുക്കാം. ഒരു വ്യക്തിയുടെ സർവ ചോദനകളുടെയും ലൈംഗിക കാമനകളുടെയും വിളനിലമായി ഇസ്‌ലാം വ്യവഹരിക്കുന്നത് നഫ്സ് എന്ന സങ്കേതത്തെയാണ്. നഫ്സിൽ രൂപംകൊള്ളുന്ന ചോദനകളെ മുഴുവൻ ശഹ്വത്ത് എന്ന ഏക സങ്കേതത്തിൽ ഒതുക്കിയിരിക്കുന്നു. അഹങ്കാരം, അസൂയ, വൈരം തുടങ്ങിയ ഹൃദയരോഗങ്ങളും, മോഷണം, ബലാൽസംഗം, കൊലപാതകം തുടങ്ങിയ ഹിംസകളും, വ്യഭിചാരം, ബലാൽസംഗം, സ്വവർഗഭോഗം തുടങ്ങിയവയും ശഹ്വത്തിന്റെ പ്രതിഫലനം തന്നെയാണ്.

ഇവയിൽ, മോഷ്ടാക്കാൾ, കൊലപാതകികൾ എന്നിവർക്ക് അവരുടെ ചോദനകളടിസ്ഥാനപ്പെടുത്തി പ്രത്യേകം സ്വത്വങ്ങൾ അനുവദിക്കാത്തതുപോലെത്തന്നെ സ്വവർഗമോഹികൾക്കും പ്രത്യേക സ്വത്വം അനുവദിക്കുന്നില്ല. പ്രകൃതിപരമായി മനു

ഷ്യനിലുള്ള ശഹ്‌വത്തിന്റെ ബഹിർസ്ഫുരണം തന്നെയാണത്. മനുഷ്യന്റെ എല്ലാ ഇച്ഛകളും അവനിൽ പ്രകൃതിപരമായി നിക്ഷേപിക്കപ്പെട്ടതുതന്നെയാണ് എന്നാണ് ഇസ്‌ലാമിക പരിപ്രേക്ഷ്യം. പക്ഷേ, ഇഛകളിൽ ചിലതിനെ മാത്രമെ പ്രയോഗത്തിൽ കൊണ്ടുവരാൻ അവന് അനുമതിയുള്ളൂ എന്ന് മാത്രം. പ്രകൃതിപരമായതും തങ്ങളുടെ തെരഞ്ഞെടുപ്പിന് വഴങ്ങാത്തതുമാണ് സ്വവർഗലൈംഗികത എന്ന ആക്ടിവിസ്റ്റുകളുടെ വാദത്തിന് ഇസ്‌ലാമിനകത്ത് നൈതികമായും ദൈവശാസ്ത്രപരമായും നിലനിൽപ്പില്ല എന്ന് ഇതിലൂടെ വ്യക്തമാകുന്നുണ്ട്.

സ്വവർഗരതിയെ ഇസ്‌ലാം വൻ പാപമായി കാണുന്നു. ആദ്യമായി ഈ മ്ലേഛ പ്രവർത്തനം ചെയ്ത സമൂഹത്തിന് സംഭവിച്ച നാശത്തിന്റെ കഥ ഖുർആൻ പറയുന്നുണ്ട്. ഈ ഒരു തിന്മയെ ആ ഗോത്രത്തിന്റെ പേരിലേക്ക് ചേർത്തുകൊണ്ടാണ് ലോകം സ്മരിക്കുന്നത്. ലൂത്വ് നബി(അ) നിയോഗിക്കപ്പെട്ട 'സദൂം' ഗോത്രക്കാരാണ് ഇതിന്റെ തുടക്കക്കാർ. അല്ലാഹു പറയുന്നു: "ലൂത്വിന്റെ ജനത ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി. അവരുടെ സഹോദരൻ ലൂത്വ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. ഇതിന്റെ പേരിൽ നിങ്ങളോട് ഞാൻ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽ നിന്നുമാത്രമാകുന്നു. നിങ്ങൾ ലോകരിൽ നിന്ന് ആണുങ്ങളുടെ അടുക്കൽ ചെല്ലുകയും നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചുതന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ. അവർ പറഞ്ഞു: ലൂത്വേ, നീ (ഇതിൽനിന്ന്) വിരമിച്ചില്ലെങ്കിൽ തീർച്ചയായും നീ (നാട്ടിൽ നിന്ന്) പുറത്താക്കപ്പെടുന്നവരുടെ കൂട്ടത്തിലായിരിക്കും. അദ്ദേഹം പറഞ്ഞു: തീർച്ചയായും ഞാൻ നിങ്ങളുടെ പ്രവൃത്തിയെ വെറുക്കുന്നവരുടെ കൂട്ടത്തിലാകുന്നു. (അദ്ദേഹം പ്രാർഥിച്ചു): എന്റെ രക്ഷിതാവേ, എന്നെയും എന്റെ കുടുംബത്തെയും ഇവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ നിന്ന് നീ രക്ഷപ്പെടുത്തേണമേ. അപ്പോൾ അദ്ദേഹത്തെയും കുടുംബത്തെയും നാം രക്ഷപ്പെടുത്തി. പിൻമാറി നിന്നവരിൽ ഒരു കിഴവി ഒഴികെ. പിന്നീട് മറ്റുള്ളവരെ നാം തകർത്തുകളഞ്ഞു. അവരുടെ മേൽ നാം ഒരു തരം മഴവർഷിപ്പിക്കുകയും ചെയ്തു. താക്കീത് നൽകപ്പെട്ടവർക്ക് ലഭിച്ച ആ മഴ എത്രമോശം" (26: 160-173).



സൗദി ഗ്രാന്റ് മുഫ്തിയും ഉന്നത പണ്ഡിത സഭാ മേധാവിയും ഫത്‌വ ബോർഡ് ചെയർമാനുമായിരുന്ന ശെയ്ഖ് അബ്ദുൽ അസീസ് അബ്ദുല്ല ആലു ശൈഖ്(റഹി)ന്റെ വിയോഗം ഇസ്‌ലാമിക സമൂഹത്തിന് തീരാനഷ്ടമാണ്. ഒൻപത് പതിറ്റാണ്ടിൽ കൂടുതൽ ജീവിച്ച അദ്ദേഹം ഇസ്‌ലാമിക വൈജ്ഞാനിക രംഗത്തും പ്രബോധന രംഗത്തും ചെയ്ത സേവനങ്ങൾ നിസ്തുലമാണ്.

യുവാവായിരിക്കുമ്പോൾ തന്നെ കാഴ്ച ശക്തി നഷ്ടപ്പെട്ട അദ്ദേഹം തന്റെ ഇച്ഛാശക്തി കൊണ്ട് ഉന്നത പദവികൾ കരസ്ഥമാക്കി. രിയാദിലെ ജാമിഅഃ മുഹമ്മദ് ബിൻ സഊദിൽ നിന്നാണ് ബിരുദം നേടിയത്. ആലുശെയ്ഖ് ശരീഅഃ കോളേജിൽ അധ്യാപനം നടത്തുകയും തുടർന്ന് ഉന്നത പണ്ഡിതന്മാർ അംഗങ്ങളായുള്ള സൗദി പണ്ഡിത സഭയുടെ ദീർഘകാലത്തെ അധ്യക്ഷ പദവി അലങ്കരിക്കുകയും ചെയ്തു.

ഹജ്ജ് വേളയിൽ അറഫ ദിനത്തിൽ മിനായിൽ വെച്ചു നടക്കുന്ന പ്രഭാഷണം നിർവഹിക്കുന്ന ആറാമത്തെ പണ്ഡിതനായി ഹിജ്റ വർഷം 1402ൽ തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 35 വർഷത്തിലധികം ആ പദവിയിൽ തുടർന്നു. രിയാദിലെ തുർക്കി ബ്നു സഊദടക്കമുള്ള പ്രമുഖ പള്ളികളിൽ ഖത്വീബും ഇമാമുമായിട്ട് അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ഐ.എസ്.ഐ.എസ് പോലുള്ള തീവ്രവാദ പ്രസ്ഥാനങ്ങൾക്കെതിരെ ശക്തമായ മുന്നറിയിപ്പ് നൽകിയ

പി.എൻ അബ്ദുൽ ലത്തീഫ് മദനി
പ്രസിഡന്റ്
വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

പ്രവാചക വചനമനുസരിച്ച് സമൂഹത്തിൽനിന്ന് അറിവ് നിഷ്‌കാസിതമാകുന്നത് പണ്ഡിതന്മാരുടെ മരണം മൂലമാണ്. അറിവുള്ളവർ യാത്ര പറയുകയും പകരം അൽപജ്ഞാനികൾ രംഗം കയ്യടക്കുകയും ജനത്തെ വഴിതെറ്റിക്കുകയും ചെയ്യും. ഇരുത്തം വന്ന പണ്ഡിത ശ്രേഷ്ഠന്മാരാണ് സമുദായത്തിന്റെ കാവൽക്കാർ. ആ അർഥത്തിൽ നമുക്ക് നഷ്ടപ്പെട്ടത് ഒരു മഹാ പുരുഷനെയാണ്

## ശെയ്ഖ് അബ്ദുൽ അസീസ് അബ്ദുല്ല ആലു ശെയ്ഖ്(റഹി):

# ഐ.എസ്.ഐ.എസിനെതിരെ ശക്തമായ മുന്നറിയിപ്പ് നൽകിയ മഹാ പണ്ഡിതൻ

അദ്ദേഹത്തിന്റെ അറഫാ പ്രസംഗം വളരെ പ്രസിദ്ധമാണ്. പിന്നീട് സൗദി അറേബ്യയുടെ ഗ്രാൻഡ് മുഫ്തിയായി അദ്ദേഹം നിശ്ചയിക്കപ്പെട്ടു. ശെയ്ഖ് മുഹമ്മദ് ബിൻ ഇബ് റാഹീം, ശെയ്ഖ് ഇബ്നു ബാസ് എന്നിവരുടെ ശിഷ്യനായിരുന്ന അദ്ദേഹം

അറിവിലും ആരാധനകളിലും പ്രബോധന മേഖലകളിലും രചനയിലും അറിയപ്പെട്ട ജീവിതമായിരുന്നു കാഴ്ചവെച്ചത്. എല്ലാ മൂന്നു ദിവസം കൂടുമ്പോഴും ക്വുർആൻ പൂർണമായും പാരായണം ചെയ്തു തീർക്കുമായിരുന്ന അദ്ദേഹം മുസ്‌ലിം ലോകത്തിന് ധിഷണാബോധം നൽകുന്ന നിരവധി ഫത്‌വകളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

നാം ബോധവാന്മാരാവേണ്ട മറ്റൊരു കാര്യം ഇടക്കിടെയുള്ള പണ്ഡിതന്മാരുടെ വിയോഗമാണ്. പ്രവാചക വചനമനുസരിച്ച് സമൂഹത്തിൽനിന്ന് അറിവ് നിഷ്‌കാസിതമാകുന്നത് പണ്ഡിതന്മാരുടെ മരണം മൂലമാണ്. അറിവുള്ളവർ യാത്ര പറയുകയും പകരം അൽപജ്ഞാനികൾ രംഗം കയ്യടക്കുകയും ജനത്തെ വഴിതെറ്റിക്കുകയും ചെയ്യും. ഇരുത്തം വന്ന പണ്ഡിത ശ്രേഷ്ഠന്മാരാണ് സമുദായത്തിന്റെ കാവൽക്കാർ. ആ അർഥത്തിൽ നമുക്ക് നഷ്ടപ്പെട്ടത് ഒരു മഹാ പുരുഷനെയാണ്

ഹിജ്റ 1362 ൽ (AD 1943) ശെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൽ വഹാബിന്റെ സന്താന പരമ്പരയിൽ മുഹമ്മദ് ബിൻ അബ്ദുല്ലയുടെ മകനായി ജനിച്ചു. നാല് മക്കളുണ്ട്.

ബഹുമാന്യ പണ്ഡിതനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ പണ്ഡിതസഭ ചെർമാനുമായ കുഞ്ഞു മുഹമ്മദ് മദനി പറപ്പൂരിന്റെ നേതൃത്വത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ഒരു പ്രതിനിധി സംഘം അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അറിവും വിനയവും വിവേകവുമുള്ള പണ്ഡിതന്മാരുടെ മടക്കം ഏറെ വേദനിപ്പിക്കുന്നതാണ്. അല്ലാഹു അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഇ. യൂസുഫ് സാഹിബ് നദുവി ഓച്ചിറ



# ഫലസ്തീനികളുടെ പ്രതിരോധം നിയമപരമായ അവകാശമാണ്

ഇസ്‌ലാമിക ലോകത്തിന്റെ ഹൃദയത്തിൽ ഫലസ്തീൻ പ്രശ്നം പതിറ്റാണ്ടുകളായി ഉണങ്ങാതെ കിടക്കുന്ന മുറിവാണ്. ഇത് പശ്ചിമേഷ്യയിലെ സംഘർഷങ്ങളുടെ കേന്ദ്രബിന്ദുവാണ്. അറബ് ലോകത്ത് സ്വാതന്ത്ര്യത്തിന്റെ കാറ്റടിച്ചപ്പോൾ പാശ്ചാത്യ അധിനിവേശത്തിൽ നിന്ന് അവർ മോചിതരായി. എന്നാൽ, നിയമവിരുദ്ധമായ സയണിസ്റ്റ് ഭരണകൂടം ഇന്നും ഈ പ്രദേശത്ത് ഒരു കരടായി തുടരുന്നു.

സയണിസ്റ്റ് ഭരണകൂടത്തിനെതിരെ അറബികൾ രണ്ട് വലിയ യുദ്ധങ്ങൾ നടത്തിയെങ്കിലും, അവരുടെ സ്വാധീനം വർധിക്കുക മാത്രമാണുണ്ടായത്. ഈ വിഷയത്തിൽ ധാരാളം ചർച്ചകളും പഠനങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ഫലസ്തീനികളുടെ പ്രതിഷേധം, പ്രത്യേകിച്ച് സായുധ പ്രതിരോധം ശരിയായ നടപടിയാണോ അതോ തെറ്റാണോ എന്ന ചോദ്യത്തിനാണ് നാം ഉത്തരം കണ്ടെത്തേണ്ടത്.

> ഫലസ്തീനികളുടെ പ്രതിരോധത്തെ കുറ്റപ്പെടുത്തുന്നവർ ഒന്നുകിൽ ചരിത്രം അറിയാത്തവരോ അപകർഷ ബോധമുള്ളവരോ അല്ലെങ്കിൽ അധികാരത്തിന്റെ പിന്നാലെ പോകുന്നവരോ ആയിരിക്കും. പ്രതിരോധ പ്രവർത്തനങ്ങളുടെ ചില രീതികളെ നമുക്ക് വിമർശിക്കാം, അവയെക്കുറിച്ച് ചർച്ച ചെയ്യാം. എന്നാൽ പ്രതിരോധത്തിന്റെ അടിസ്ഥാനപരമായ അവകാശത്തെ നിഷേധിക്കുന്നത് സത്യത്തെ നിഷേധിക്കുന്നതിന് തുല്യമാണ്.

ഒന്നാമതായി നാം മനസ്സിലാക്കേണ്ടത് ഈ ചെറുത്തുനിൽപ്പ് അവരുടെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിന്റെ തുടർച്ചയാണ് എന്നതാണ്. ഫലസ്തീൻ ജനതയിൽനിന്ന് അവരുടെ ഭൂമിയും സർവതും പിടിച്ചെടുക്കുകയും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഇറക്കുമതി ചെയ്തു കൊണ്ടുവന്ന അപരിചിതർക്ക് അത് വീതിച്ച് നൽകുകയും ചെയ്തു. ഇത് വ്യക്തമായ ഒരു അധിനിവേശമാണ്. ഒരു ജനതയെ അവരുടെ മണ്ണിൽനിന്ന് ബലം പ്രയോഗിച്ച് പുറത്താക്കി മറ്റൊരു മതവിഭാഗത്തെ അവിടെ കുടിയിരുത്തിയത് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ ക്രൂരതകളിൽ ഒന്നാണ്.

ഈ യാഥാർഥ്യം മനസ്സിലാക്കുമ്പോൾ, ഫലസ്തീനികളുടെ പോരാട്ടത്തെ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടമെന്നല്ലാതെ മറ്റെന്തെങ്കിലും പേരിട്ട് വിളിക്കുന്നത് ചരിത്രത്തെ വളച്ചൊടിക്കലാണ്. സായുധ ആക്രമണത്തിനും അധിനിവേശത്തിനുമെതിരെ സായുധ പ്രതിരോധം നടത്തുക എന്നത് ലോകരാഷ്ട്രങ്ങളുടെ ചരിത്രത്തിൽ ഏറ്റവും അഭിമാനകരമായ ഒരു അധ്യായമാണ്. വരുംതലമുറകളിൽ അത് ധീരതയുടെയും ആത്മാഭിമാനത്തിന്റെയും വിത്തുകൾ പാകുന്നുവെന്നത് ആർക്കാണ് നിഷേധിക്കാൻ സാധിക്കുക?

സയണിസ്റ്റ് പദ്ധതിയെ സൂക്ഷ്മമായി പരിശോധിച്ചാൽ, അത് അറബികളുടെ ഓരോ ഇഞ്ച് ഭൂമിയും കൈവശപ്പെടുത്തി ഈ മേഖലയിൽ ഒരു പുതിയ മത-രാഷ്ട്രീയ- സാംസ്കാരിക സാഹചര്യം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ളതാണെന്ന് കാണാം.

കഴിഞ്ഞ 75 വർഷത്തിനിടെ ഫലസ്തീന്റെ 90% ഭൂമിയും അധിനിവേശക്കാർ പിടിച്ചെടുത്തു. അവരുടെ വീടുകൾ തകർത്തു. പകരം ഉരുക്ക് കോട്ട കെട്ടിയതുപോലുള്ള വാസസ്ഥലങ്ങൾ നിർമിച്ചു. ഇന്ന് വെസ്റ്റ് ബാങ്കിൽ കാണുന്നതും ഇത് തന്നെയാണ്. ഗ്രാമങ്ങൾ ഒഴിപ്പിക്കുന്നു, വീടുകൾ തകർക്കുന്നു, ഭൂമി കുടിയേറ്റക്കാർക്ക് നൽകുന്നു. ചെറുത്തുനിൽക്കുന്നവരെ ഉന്മൂലനം ചെയ്യുന്നു!

സമാധാനപരമായ ചെറുത്തുനിൽപ്പും ജനാധിപത്യപരമായ എല്ലാ പോരാട്ടങ്ങളും ക്രൂരമായി അടിച്ചമർത്തപ്പെട്ടു. എല്ലാ വിയോജിപ്പുകളെയും സയണിസ്റ്റ് ഭരണകൂടം വിലയ്ക്കെടുക്കുകയോ അവർക്കിടയിൽ ഗ്രൂപ്പിസം സൃഷ്ടിക്കുകയാ നിശ്ശബ്ദമാക്കുകയോ ചെയ്തു. സ്വതന്ത്ര ഫലസ്തീൻ എന്ന ആശയം കടലാ

സിൽ മാത്രമായി ഒതുങ്ങിയോ എന്ന് സംശയിക്കേണ്ടിവരുന്നു. അത്രത്തോളം അന്താരാഷ്ട്ര തീരുമാനങ്ങൾ വലിച്ചെറിയപ്പെട്ടു. ഐക്യരാഷ്ട്രസഭയുടെ എല്ലാ കരാറുകളും സയണിസ്റ്റ് ഭരണകൂടം അനുദിനം ലംഘിച്ചുകൊണ്ടിരിക്കുന്നു.

ചരിത്രത്തെ മുൻനിർത്തി നമ്മൾ ഇന്നത്തെ അവസ്ഥ വിലയിരുത്തിയാൽ, സായുധ പ്രതിരോധം എന്നത് എല്ലാ സമൂഹങ്ങളുടെയും അവസാനത്തെ ആശ്രയമാണെന്ന് മനസ്സിലാക്കാം. ഈ ആശയത്തിൽനിന്നും ഒരു സമൂഹവും ഒരിക്കലും ഒഴിവായിട്ടില്ല. ഈ പ്രതിരോധം ഇല്ലായിരുന്നെങ്കിൽ ഫലസ്തീൻ എന്ന പേരും അവിടുത്തെ ജനതയും ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ പൂർണമായി തുടച്ചുനീക്കപ്പെടുമായിരുന്നു.

ഇന്നത്തെ പ്രതിരോധം ഒരു സൈനിക പ്രവർത്തനം മാത്രമല്ല, അത് ഫലസ്തീൻ എന്ന ആശയത്തിന്റെയും നിലനിൽപിന്റെയും ജീവനാഡിയാണ്. സയണിസ്റ്റ് പദ്ധതിയുടെ പൂർത്തീകരണത്തിന് മുന്നിലെ ഒരു മുഖ്യ തടസ്സംകൂടിയാണത്.

ഫലസ്തീനികളുടെ പ്രതിരോധത്തെ കുറ്റപ്പെടുത്തുന്നവർ ഒന്നുകിൽ ചരിത്രം അറിയാത്തവരോ അപകർഷ ബോധമുള്ളവരോ അല്ലെങ്കിൽ അധികാരത്തിന്റെ പിന്നാലെ പോകുന്നവരോ ആയിരിക്കും. പ്രതിരോധ പ്രവർത്തനങ്ങളുടെ ചില രീതികളെ നമുക്ക് വിമർശിക്കാം, അവയെക്കുറിച്ച് ചർച്ച ചെയ്യാം. എന്നാൽ പ്രതിരോധത്തിന്റെ അടിസ്ഥാനപരമായ അവകാശത്തെ നിഷേധിക്കുന്നത് സത്യത്തെ നിഷേധിക്കുന്നതിന് തുല്യമാണ്. ■





മുനവ്വർ ഫൈറൂസ്

# സൂക്ഷ്മത പാലിച്ച് ജീവിക്കുന്നവരും സ്വർഗീയാനുഗ്രഹങ്ങളും



അല്ലാഹുവിന്റെ പ്രീതിയാഗ്രഹിച്ച് നബി(സ്വ)യുടെ ചര്യ അനുധാവനം ചെയ്ത് നന്മകൾ ചെയ്യലും അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് തിന്മകളിൽനിന്ന് വിട്ടുനിൽക്കലുമാണ് തക്വ (സൂക്ഷ്മത).

അല്ലാഹു ആകാശഭൂമികളോളം വിശാലമായ സ്വർഗം തയ്യാറാക്കിയിരിക്കുന്നത് അവന്റെ സൂക്ഷ്മതയുള്ള അടിമകൾക്കു വേണ്ടിയാണ്. അല്ലാഹു പറയുന്നു:

"നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. സൂക്ഷ്മത പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 3:133).

തക്വ(സൂക്ഷ്മത)യുള്ളവർ സ്വർഗത്തിലേക്ക് നയിക്കപ്പെടുമെന്നും അല്ലാഹു നമ്മെ അറിയിക്കുന്നുണ്ട്

"തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർ

ഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും...'' (ക്വുർആൻ 39:73).

ക്വുർആനിലെ ഒരുപാട് ആയത്തുകളിൽ സൂക്ഷ്മത പാലിച്ച് ജീവിക്കുന്നവർക്ക് സ്വർഗമുണ്ടെന്ന് പരാമർശിക്കുന്നുണ്ട്, അപ്രകാരം അവർക്ക് അല്ലാഹു അവിടെ ഒരുക്കിയ അനുഗ്രഹങ്ങളെപ്പറ്റിയും ധാരാളം ആയത്തുകളിൽ പറയുന്നുണ്ട്. ആ അനുഗ്രഹങ്ങളെ ലഘുവായി ഒന്ന് പരിചയപ്പെടാം.

- തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ നിർഭയമായ വാസസ്ഥലം.
- നേർത്തതും കട്ടിയുള്ളതുമായ പട്ടുതുണികൾ.
- വിശാലമായ നേത്രങ്ങളുള്ള വെളുത്ത തരുണികൾ.
- വിവിധ പഴവർഗങ്ങൾ.



"സൂക്ഷ്മത പാലിച്ചവർ തീർച്ചയായും നിർഭയമായ വാസസ്ഥലത്താകുന്നു. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ. നേർത്ത പട്ടുതുണിയും കട്ടിയുള്ള പട്ടുതുണിയും അവർ ധരിക്കും. അവർ അന്യോന്യം അഭിമുഖമായിട്ടായിരിക്കും ഇരിക്കുന്നത്. അങ്ങനെയാകുന്നു (അവരുടെ അവസ്ഥ). വിശാലമായ നേത്രങ്ങളുള്ള വെളുത്ത സ്ത്രീകളെ അവർക്ക് ഇണകളായി നൽകുകയും ചെയ്യും. സുരക്ഷിതത്വ ബോധത്തോടുകൂടി എല്ലാവിധ പഴങ്ങളും അവർ അവിടെ വെച്ച് ആവശ്യപ്പെട്ടുകൊണ്ടിരി ക്കും. ആദ്യത്തെ മരണമല്ലാതെ മറ്റൊരു മരണം അവർക്കവിടെ അനുഭവിക്കേണ്ടതില്ല. നരകശിക്ഷയിൽ നിന്ന് അല്ലാഹു അവരെ കാത്തുരക്ഷിക്കുകയും ചെയ്തിരിക്കുന്നു. നിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള ഔദാര്യമത്രെ അത്. അതുതന്നെയാണ് മഹത്തായ ഭാഗ്യം'' (ക്വുർആൻ 44:51-57).

"ഇതൊരു ഉൽബോധനമത്രെ. തീർച്ചയായും സൂക്ഷ്മതയുള്ളവർക്ക് മടങ്ങിച്ചെല്ലാൻ ഉത്തമമായ സ്ഥാനമുണ്ട്. അവർക്ക് വേണ്ടി കവാടങ്ങൾ തുറന്നുവെച്ചിട്ടുള്ള സ്ഥിരവാസത്തിന്റെ സ്വർഗത്തോപ്പുകൾ. അവർ അവിടെ ചാരി ഇരുന്നു വിശ്രമിച്ചുകൊണ്ട് സമൃദ്ധമായുള്ള ഫലവർഗങ്ങൾക്കും പാനീയത്തിനും ആവശ്യപ്പെട്ടുകൊണ്ടിരിക്കും. അവരുടെ അടുത്ത് ദൃഷ്ടി നിയന്ത്രിക്കുന്ന സമവയസ്ക്കരായ സ്ത്രീകളുണ്ടായിരിക്കും. ഇതത്രെ വിചാരണയുടെ ദിവസത്തേക്ക് നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെടുന്നത്. തീർച്ചയായും ഇത് നാം നൽകുന്ന ഉപജീവനമാകുന്നു. അത് തീർന്നുപോകുന്നതല്ല'' (ക്വുർആൻ38:49-54).

- യഥേഷ്ടം തിന്നാനും കുടിക്കാനുമുള്ള ഭക്ഷണങ്ങളും പാനീയങ്ങളും
- വരിവരിയായി ഇട്ട കട്ടിലുകൾ.
- വിശ്വാസികളായ തങ്ങളുടെ സന്താനങ്ങളോടൊപ്പം വസിക്കാനുള്ള അവസരം.
- കൊതിക്കുന്ന തരത്തിലുള്ള പഴങ്ങളും മാംസവും.
- പ്രത്യേക പാനപാത്രങ്ങൾ.
- അനാവശ്യവും വ്യാജവുമായ വാക്കുകളിൽ നിന്നുള്ള സംരക്ഷണം.
- പരിചരണത്തിനായി അവരുടെ അടുത്ത് ചുറ്റിത്തിരിഞ്ഞു കൊണ്ടിരിക്കുന്ന കുട്ടികൾ.

"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും സുഖാനുഗ്രഹങ്ങളിലുമായിരിക്കും; തങ്ങളുടെ രക്ഷിതാവ് അവർക്കു നൽകിയതിൽ ആനന്ദം കൊള്ളുന്നവരായിട്ട്. ജ്വലിക്കുന്ന നരകത്തിലെ ശിക്ഷയിൽനിന്ന് അവരുടെ രക്ഷിതാവ് അവരെ കാത്തുരക്ഷിക്കുകയും ചെയ്യും. (അവരോട് പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങൾ സുഖമായി തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. വരിവരിയായ് ഇട്ട കട്ടിലുകളിൽ ചാരിയിരിക്കുന്നവരായിരിക്കും അവർ. വിടർന്ന കണ്ണുകളുള്ള വെളുത്ത തരുണികളെ നാം അവർക്ക് ഇണചേർത്തു കൊടുക്കുകയും ചെയ്യും. ഏതൊരു കൂട്ടർ വിശ്വസിക്കുകയും അവരുടെ സന്താനങ്ങൾ വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്തിരിക്കുന്നുവോ അവരുടെ സന്താനങ്ങളെ നാം അവരോടൊപ്പം ചേർക്കുന്നതാണ്. അവരുടെ കർമഫലത്തിൽനിന്ന് യാതൊന്നും നാം അവർക്കു കുറവു വരുത്തുകയുമില്ല. ഏതൊരു മനുഷ്യനും താൻ സമ്പാദിച്ചുവെച്ചതിന് (സ്വന്തം

കർമങ്ങൾക്ക്) പണയം വെക്കപ്പെട്ടവനാകുന്നു. അവർ കൊതിക്കുന്ന തരത്തിലുള്ള പഴവും മാംസവും നാം അവർക്ക് അധികമായി നൽകുകയും ചെയ്യും. അവിടെ അവർ പാനപാത്രം അന്യോന്യം കൈമാറികൊണ്ടിരിക്കും. അവിടെ അനാവശ്യവാക്കോ അധാർമിക വൃത്തിയോ ഇല്ല. അവർക്ക് (പരിചരണത്തിനായി) ബാലന്മാർ അവരുടെ അടുത്ത് ചുറ്റിത്തിരിഞ്ഞുകൊണ്ടിരിക്കും. അവർ സൂക്ഷിച്ച് വെക്കപ്പെട്ട മുത്തുകൾ പോലെയിരിക്കും" (ക്വുർആൻ 52:18-24).

**തോപ്പുകൾ**

"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ അനുഗ്രഹങ്ങളുടെ സ്വർഗത്തോപ്പുകളുണ്ട്" (68:34).

**അരുവികൾ**

"തീർച്ചയായും സൂക്ഷ്മത പാലിക്കുന്നവർ സ്വർഗത്തോപ്പുകളിലും അരുവികളിലുമായിരിക്കും. അവർക്ക് അവരുടെ രക്ഷിതാവ് നൽകിയത് ഏറ്റുവാങ്ങിക്കൊണ്ട്. തീർച്ചയായും അവർ അതിനു മുമ്പ് സദ്വൃത്തരായിരുന്നു" (51:15,16).

**അല്ലാഹുവിന്റെയടുക്കൽ പ്രത്യേക സ്ഥാനം**

"തീർച്ചയായും ധർമ്മനിഷ്ഠ പാലിച്ചവർ ഉദ്യാനങ്ങളിലും അരുവികളിലുമായിരിക്കും. സത്യത്തിന്റെ ഇരിപ്പിടത്തിൽ, ശക്തനായ രാജാവിന്റെ അടുക്കൽ" (54:54,55).

**തണലുകൾ**

"തീർച്ചയായും സൂക്ഷ്മത പാലിച്ചവർ (സ്വർഗത്തിൽ) തണലുകളിലും അരുവികൾക്കിടയിലുമാകുന്നു. അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലും. (അവരോട് പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി ആഹ്ലാദത്തോടെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. തീർച്ചയായും നാം അപ്രകാരമാകുന്നു സദ്വൃത്തർക്ക് പ്രതിഫലം നൽകുന്നത്." (77:41-44).

**മുന്തിരികൾ, നിറഞ്ഞ പാനപാത്രങ്ങൾ**

"തീർച്ചയായും സൂക്ഷ്മത പാലിച്ചവർക്ക് വിജയമുണ്ട്. അതായത് (സ്വർഗത്തിലെ) തോട്ടങ്ങളും മുന്തിരികളും തുടുത്ത മാർവിടമുള്ള സമപ്രായക്കാരായ തരുണികളും നിറഞ്ഞ പാനപാത്രങ്ങളും. അവിടെ അനാവശ്യമായ ഒരു വാക്കോ ഒരു വ്യാജവാർത്തയോ അവർ കേൾക്കുകയില്ല. (അത്) നിന്റെ രക്ഷിതാവിങ്കൽനിന്നുള്ള ഒരു പ്രതിഫലവും കണക്കൊത്ത ഒരു സമ്മാനവുമാകുന്നു" (78:31-36).

**അല്ലാഹുവിന്റെ പ്രീതി**

"സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും). കൂടാതെ അല്ലാഹുവിന്റെ പ്രീതിയും. അല്ലാഹു തന്റെ ദാസൻമാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു" (3:15).

**നിത്യവാസം, അല്ലാഹുവിൽനിന്നുള്ള സൽക്കാരം**

"എന്നാൽ തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചതാരോ അവർക്കാണ് താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളുള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹുവിന്റെ പക്കൽനിന്നുള്ള സൽക്കാരം! അല്ലാഹുവിന്റെ അടുക്കലുള്ളതാകുന്നു പുണ്യവാൻമാർക്ക് ഏറ്റവും ഉത്തമം" (3:198).


**മേൽക്കുമേൽ തട്ടുകളായി നിർമിക്കപ്പെട്ടിട്ടുള്ള മണിമേടകൾ**

"പക്ഷേ, തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചവരാരോ അവർക്കാണ് മേൽക്കുമേൽ തട്ടുകളായി നിർമിക്കപ്പെട്ടിട്ടുള്ള മണിമേടകളുള്ളത്. അവയുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനമത്രെ അത്. അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല" (39:20).

**'സലാം' (സമാധാനം) എന്ന അഭിവാദ്യം**

"തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചവർ സ്വർഗത്തിലേക്ക് കൂട്ടംകൂട്ടമായി നയിക്കപ്പെടും. അങ്ങനെ അതിന്റെ കവാടങ്ങൾ തുറന്ന് വെക്കപ്പെട്ട നിലയിൽ അവർ അതിന്നടുത്ത് വരുമ്പോൾ അവരോട് അതിന്റെ കാവൽക്കാർ പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ സംശുദ്ധരായിരിക്കുന്നു. അതിനാൽ നിത്യവാസികളെന്ന നിലയിൽ നിങ്ങൾ അതിൽ പ്രവേശിച്ചുകൊള്ളുക. അവർ പറയും: നമ്മളോടുള്ള തന്റെ വാഗ്ദാനം സത്യമായി പാലിക്കുകയും സ്വർഗത്തിൽനിന്ന് നാം ഉദ്ദേശിക്കുന്ന സ്ഥലത്ത് നമുക്ക് താമസിക്കാവുന്ന വിധം ഈ (സ്വർഗ) ഭൂമി നമുക്ക് അവകാശപ്പെടുത്തിത്തരികയും ചെയ്ത അല്ലാഹുവിന് സ്തുതി. അപ്പോൾ പ്രവർത്തിച്ചവർക്കുള്ള പ്രതിഫലം എത്ര വിശിഷ്ടം!" (39:73,74).

അബ്ദുൽ ജബ്ബാർ മദീനി



# ദീക്ഷാകാലവും ദുഃഖാചരണവും 02

**ഇദ്ദയുടെ തേട്ടങ്ങളും അനുബന്ധ കാര്യങ്ങളും**

*1) ത്വലാക്വിനാലുള്ള ഇദ്ദ.*

വിവാഹമുക്ത ഭർത്താവിന്റെ ത്വലാക്വിനാൽ ഇദ്ദ അനുഷ്ഠിക്കുന്നവളാണെങ്കിൽ രണ്ടാലൊരവസ്ഥയിൽ നിന്ന് അത് മുക്തമല്ല:

എ) അവളുടെ ത്വലാക്വ് റജ്ഇയ്യ് (ഭർത്താവിനു ബന്ധം പുനഃസ്ഥാപിക്കുവാൻ അവസരമുള്ള തലാക്വ്) ആവുക.

ബി) അവളുടെ ത്വലാക്വ് ബാഇൻ (ഭർത്താവിനു ബന്ധം പുനഃസ്ഥാപിക്കുവാനാകാത്ത വിധമുള്ള എന്നെന്നേക്കുമായുള്ള തലാക്വ്) ആവുക.

**റജ്ഇയ്യായ ത്വലാക്വിനാൽ ഇദ്ദ അനുഷ്ഠിക്കുന്നവൾ**

റജ്ഇയ്യായ ത്വലാക്വിനാൽ ഇദ്ദഃ അനുഷ്ഠിക്കുന്നവൾക്ക് താഴെ വരുന്ന കാര്യങ്ങൾ അതിനെ തുടർന്നു വരും:

എ) മതപരമായ തടസ്സങ്ങളില്ലെങ്കിൽ ഭർത്താവിനോടൊപ്പം താമസിക്കൽ അവൾക്ക് നിർബന്ധമാണ്.

ബി) ഭക്ഷണം, വസ്ത്രം തുടങ്ങിയുള്ള ജീവിതച്ചെലവുകൾ.

സി) താമസസ്ഥലത്ത് ഒതുങ്ങിക്കൂടൽ അവൾക്ക് നിർബന്ധമാണ്. നിർബന്ധിതാവസ്ഥയിലല്ലാതെ അവൾ വീടുവിട്ടു പോകരുത്. അല്ലാഹു പറഞ്ഞു: “നിങ്ങളുടെ കഴിവിൽ പെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം”

(ക്വുർആൻ 65:6).

"അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ" (ക്വുർആൻ 65:1).

മറ്റു പുരുഷന്മാരുടെ വിവാഹാഭ്യാർഥനക്ക് അവൾ വിധേയയാകുന്നത് നിഷിദ്ധമാകുന്നു. അവൾ ഭർത്താവിന് പരിമിതവും ഭാര്യയുടെ വിധിയിലുമാണ്. അല്ലാഹു പറഞ്ഞു:

"അതിനകം (പ്രസ്തുത അവധിക്കകം) അവരെ തിരിച്ചെടുക്കാൻ അവരുടെ ഭർത്താക്കൻമാർ ഏറ്റവും അർഹതയുള്ളവരാകുന്നു; അവർ (ഭർത്താക്കൻമാർ) നിലപാട് നന്നാക്കിത്തീർക്കാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ" (ക്വുർആൻ 2:229).

**ബാഇനായ ത്വലാക്വിനാൽ ഇദ്ദ അനുഷ്ഠിക്കുന്നവൾ**

അവളുടെ അവസ്ഥയും രണ്ടാലൊന്നിൽ നിന്ന് ഇത് മുക്തമല്ല:

1) അവൾ ഗർഭിണിയാകുന്നു.

2) അവൾ ഗർഭിണിയല്ല.

ഒന്ന്: അവൾ ഗർഭിണിയായാൽ താഴെ വരുന്ന കാര്യങ്ങൾ അവൾക്ക് ത്വലാക്വിനെ തുടർന്നുണ്ടാകും:

1) താമസ സൗകര്യം നൽകൽ ഭർത്താവിന് നിർബന്ധമാണ്. അല്ലാഹു പറഞ്ഞു: "നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദ കാലം നിങ്ങൾ എണ്ണിക്കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്; പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ"(ക്വുർആൻ 65: 1)

2) ജീവിതച്ചെലവുകൾ.

അല്ലാഹു പറഞ്ഞു: "അവർ ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നതുവരെ നിങ്ങൾ അവർക്കു ചെലവുകൊടുക്കുകയും ചെയ്യുക" (ക്വുർആൻ 65:1).

3) അവൾ ഇദ്ദയിരിക്കുന്ന ഭവനത്തിൽ ഒതുങ്ങിക്കൂടൽ അവൾക്കു നിർബന്ധമാണ്. ആവശ്യത്തിനല്ലാതെ അവൾ പുറത്തുപോകരുത്. അല്ലാഹു പറഞ്ഞു:

"അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്" (ക്വുർആൻ 65: 1).

ആവശ്യത്തിനു പുറത്തുപോകാമെന്നതിന്റെ തെളിവ് ജാബിറി(റ)ൽനിന്നുള്ള ഹദീസാകുന്നു. അദ്ദേഹം പറഞ്ഞു:

"എന്റെ മാതൃസഹോദരി വിവാഹമോചിതയായി. അവർ ഒരു ഈത്തപ്പന മുറിക്കുവാൻ (പുറത്തിറങ്ങുവാൻ) ഉദ്ദേശിച്ചു. അപ്പോൾ അവർ പുറത്തിറങ്ങുന്നത് ഒരു വ്യക്തി തടഞ്ഞു. അവർ തിരുദൂതരുടെ അടുക്കൽ ചെന്ന് (വിഷയം ആരാഞ്ഞു). തിരുനബി പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ഈത്തപ്പന മുറിച്ചുകൊള്ളൂ. ഒരുവേള നിങ്ങൾ അതു ദാനം ചെയ്യുമായിരിക്കും അല്ലെങ്കിൽ വല്ല നല്ല കാര്യവും ചെയ്യുമായിരിക്കും."

രണ്ട്: അവൾ ഗർഭിണിയല്ലെങ്കിൽ ഗർഭിണിക്ക് സ്ഥിരപ്പെട്ടതെല്ലാം അവൾക്കും സ്ഥിരപ്പെടും. എന്നാൽ ജീവിതച്ചെലവും അതിനെ തുടർന്നുള്ള വസ്ത്രവും മറ്റും അവൾക്കുണ്ടാവില്ല. ഫാത്വിമ ബിൻത് ക്വയ്സിന്റെ ഹദീസാണ് അതിനു തെളിവ്. അവരെ അവരുടെ ഭർത്താവ് അവർക്ക് ശേഷിച്ചിരുന്ന ഒരു ത്വലാക്വും ചൊല്ലിയപ്പോൾ തിരുനബി(സ്വ) അവരോട് പറഞ്ഞു: "നിങ്ങൾക്ക് ജീവിതച്ചെലവ് ഒന്നുമില്ല; നിങ്ങൾ ഗർഭിണിയാണെങ്കിലല്ലാതെ."

**ഭർത്താവ് മരിച്ച സ്ത്രീയുടെ ഇദ്ദ**

തന്റെ ഭർത്താവ് മരിച്ചതിനെ തൊട്ട് ഇദ്ദയനുഷ്ഠിക്കുന്നവൾക്ക് താഴെ വരുന്ന വിധികൾ ബാധകമാകുന്നു:

1) അവൾ ഏതൊരു വീട്ടിലായിരിക്കെയാണോ ഭർത്താവ് മരണപ്പെട്ടത് അതേ വീട്ടിൽ ഇദ്ദയനുഷ്ഠിക്കൽ അവൾക്കു നിർബന്ധമാകുന്നു. പ്രസ്തുത വീട് വാടകക്കെടുത്തതാണെങ്കിലും വായ്പ വാങ്ങിയതാണെങ്കിലും ശരി. തിരുനബി(സ്വ) ഫുറയ്അ ബിൻത് മാലികി(റ) നോടു പറഞ്ഞു: "നിശ്ചിത അവധി എത്തുന്ന

തുവരെ നീ നിന്റെ (ഭർത്താവിനോടൊപ്പം താമസിച്ചിരുന്ന) വീട്ടിൽ താമസിക്കുക.” മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്:

“ഭർത്താവിന്റെ മരണവാർത്ത നിനക്കെത്തിയ നിന്റെ വീട്ടിൽ താമസിക്കുക.”

ഒഴിവുകഴിവുണ്ടെങ്കിലല്ലാതെ മറ്റൊരു വീട്ടിലേക്ക് മാറിപ്പാർക്കൽ അവൾക്കു അനുവദനീയമല്ല. ആ വീട്ടിൽ താമസിക്കുന്നതിനാൽ സ്വന്തത്തിൽ ഉപദ്രവമേൽക്കുമെന്ന് പേടിയുണ്ടാവുക, ബലാൽക്കാരമായി അവിടെനിന്നും മാറ്റുക തുടങ്ങിയതുപോലുള്ള ഒഴിവുകഴിവുകളുണ്ടായാൽ നിർബന്ധ സാഹചര്യത്താൽ അവളുദ്ദേശിക്കുന്നേടത്തേക്ക് മാറിത്താമസിക്കൽ അവൾക്ക് അനുവദനീയമാണ്.

2) അവൾ ഇദ്ദയിരിക്കുന്ന ഭവനത്തിൽ ഒതുങ്ങിക്കൂടൽ അവൾക്കു നിർബന്ധമാണ്. ആവശ്യത്തിനല്ലാതെ അവൾ പുറത്തുപോകരുത്. തന്റെ ആവശ്യങ്ങൾക്ക് പകലിൽ പുറത്തുപോകൽ അവൾക്കനുവദനീയമാ കുന്നു. രാത്രിയിൽ പുറത്തു പോകുവാൻ അനുവാദമില്ല. കാരണം രാത്രി കുഴപ്പത്തിന്റെ വേദിയാണ്. അതിനാൽ അനിവാര്യതയുണ്ടായാലല്ലാതെ രാത്രിയിൽ പുറത്തുപോകരുത്. പകൽ ഇതിനു വിപരീതമാണ്. കാരണമത് ആവശ്യനിർവഹണങ്ങളുടെ വേദിയാണ്.

3) ഇദ്ദയുടെ കാലത്ത് ഭർത്താവിന്റെ പേരിൽ ദുഃഖാചരണം അവൾക്കു നിർബന്ധമാണ്.

4) മരണത്തോടെ ദാമ്പത്യജീവിതം അവസാനിക്കുന്നതിനാൽ അവൾക്ക് ജീവിതച്ചെലവില്ല.

**ഇഹ്ദാദ്**

‘നിരസിക്കുക’ എന്നതാണ് ഭാഷയിൽ ‘ഇഹ്ദാദ്’ അർഥമാക്കുന്നത്. ഒരു സ്ത്രീ സൗന്ദര്യവർധക വസ്തുക്കളും സുഗന്ധദ്രവ്യങ്ങളും ഉപേക്ഷിച്ചാൽ ‘ഹാദ്ദുൻ,’ ‘മുഹിദ്ദുൻ’ എന്നൊക്കെ പറയപ്പെടും.

അന്യപുരുഷന്മാരെ തന്നിലേക്ക് ആകർഷിക്കുന്നതിലേക്കും തെറ്റിലേക്കും നയിക്കുന്ന സൗന്ദര്യവർധക വസ്തുക്കളും സുഗന്ധദ്രവ്യങ്ങളും ഒരു സ്ത്രീ ഉപേക്ഷിക്കുന്നതിനാണ് മതപരമായി ‘ഇഹ്ദാദ്’ എന്നു പറയുക.

ഇഹ്ദാദ് മതപരമെന്നതിന്റെ തെളിവുകൾ

ഭർത്താവ് മരിച്ച സ്ത്രീയുടെമേൽ ഇഹ്ദാദ് നിർബന്ധമാകുന്നു. ഉമ്മുഹബീബ(റ)യിൽനിന്നുള്ള ഒരു ഹദീസിൽ ഇപ്രകാരമുണ്ട്; തിരുനബി(സ്വ) പറഞ്ഞു:

“ഏതൊരു മയ്യിത്തിന്റെ പേരിലും അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു സ്ത്രീ മൂന്നു ദിവസത്തിൽ കൂടുതൽ ദുഃഖമാചരിക്കരുത്; ഭർത്താവിന്റെ പേരിലല്ലാതെ. ഭർത്താവ് മരിച്ചാൽ അവൾ നാലു മാസവും പത്തു ദിവസവും ദുഃഖമാചരിക്കണം.”

ഉമ്മു അത്വിയ്യതുൽ അൻസ്വാരിയിൽനിന്നു നിവേദനം: “ഒരു മയ്യിത്തിന്റെ പേരിൽ മൂന്നു ദിവസത്തെക്കാൾ കൂടുതൽ ദുഃഖമാചരിക്കുന്നത് ഞങ്ങൾക്ക് വിരോധിക്കപ്പെട്ടിരുന്നു; ഭർത്താവിന്റെ പേരിലല്ലാതെ. ഭർത്താവ് മരിച്ചാൽ നാലു മാസവും പത്തു ദിവസവും ദുഃഖമാചരിക്കണം. ഞങ്ങൾ സുറുമ എഴുതുമായിരുന്നില്ല. സുഗന്ധം പൂശുമായിരുന്നില്ല. ചായം മുക്കിയ വസ്ത്രം ഞങ്ങൾ ധരിച്ചിരുന്നില്ല; ചായം മുക്കിയ നൂലുകൊണ്ട് നെയ്ത്ത വസ്ത്രമല്ലാതെ.”

ദുഃഖമാചരിക്കുന്ന സ്ത്രീക്ക് താഴെ വരുന്ന കാര്യങ്ങൾ നിർബന്ധമാകുന്നു:

1) സൗന്ദര്യപ്രകടനങ്ങളും സുഗന്ധദ്രവ്യങ്ങളും ഉപേക്ഷിക്കൽ: വർണാങ്കിതമായ വസ്ത്രങ്ങൾ ധരിക്കുന്നതിൽനിന്ന് അവൾ വിട്ടുനിൽക്കണം. അവൾ സുറുമ എഴുതുകയോ സ്വർണത്തിന്റെയോ വെള്ളിയുടെയോ മറ്റൊ ആഭരണങ്ങൾ ധരിക്കുകയോ ചെയ്യരുത്.

ഉമ്മുസലമ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്: “ഭർത്താവ് മരണപ്പെട്ട് (ഇദ്ദയനുഷ്ഠിക്കുന്ന സ്ത്രീ) കുങ്കുമം മുക്കിയതും ചെഞ്ചായം മുക്കിയതുമായ വസ്ത്രങ്ങളും ആഭരണങ്ങളും ധരിക്കരുത്. അവൾ ചായം പൂശുകയോ സുറുമ എഴുതുകയോ ചെയ്യരുത്.”

2) അവൾ ഇദ്ദയിരിക്കുന്ന ഭവനത്തിൽ ഒതുങ്ങിക്കൂടൽ അവൾക്കു നിർബന്ധമാണ്. ആവശ്യത്തിനല്ലാതെ അവൾ പുറത്തുപോകരുത്. മുമ്പ് നൽകിയ ഫുറയ്അ ബിൻത് മാലികിന്റെ ഹദീസ് അതാണറിയിക്കുന്നത്.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച ‘അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന’ എന്ന ഗ്രന്ഥം)*



മൂസ സ്വലാഹി കാര
: 97473 45768

# പ്രവാചകന്മാർ മുഹമ്മദ് നബി (സ്വ) യോട് ഇസ്തിഗാസ തേടിയെന്നോ?

പ്രവാചകന്മാരെ പ്രതികളാക്കിക്കൊണ്ട് അന്ധവിശ്വാസങ്ങളെ വെളുപ്പിക്കാനുള്ള മുസ്‌ലിയാക്കന്മാരുടെ ശ്രമം തുടങ്ങിയിട്ട് കാലം കുറെയായി. ഇവർ വലിയ ഉത്സാഹത്തോടെ പാടി പ്രചരിപ്പിക്കുന്ന മൻക്വൂസ് മൗലിദ് ഇതിൽ മുഖ്യ പങ്ക് വഹിച്ചിട്ടുള്ളൊരു രചനയാണ്. ഈ മൗലിദിന്റെ ആരംഭം തന്നെ ആദം നബി(അ) മുഹമ്മദ് നബി(സ്വ)യെ കൊണ്ട് ഇടതേട്ടം നടത്തിയെന്നും പ്രളയ സമയത്ത് നൂഹ്(അ) അദ്ദേഹത്തോട് സഹായം തേടിയെന്നും ഇബ്‌റാഹീം നബി(അ) തീയിലെറിയപ്പെട്ട സന്ദർഭത്തിൽ അദ്ദേഹത്തിൻെറ മുതുകിൽ നബി(സ്വ) ഉണ്ടായിരിന്നു എന്നൊക്കെയുള്ള അവാസ്തവങ്ങൾ നിറഞ്ഞതാണ്.

ആദം നബി(അ)യും ഹവ്വാ ബീവിയും തെറ്റ് പൊറുത്ത് കിട്ടാൻ എന്താണ് ചെയ്തതെന്ന് ക്വുർആൻ പറയുന്നു: “അവർ രണ്ടുപേരും പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഞങ്ങളോടുതന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്തുതരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും” (7:23).

നൂഹ് നബി(അ)യും കൂടെയുള്ളവരും രക്ഷപ്പെട്ടതെങ്ങനെയെന്ന് ക്വുർആൻ പറയുന്നു: “എന്നിട്ട് നാം അദ്ദേഹത്തെയും കപ്പലിലുള്ളവരെയും രക്ഷപ്പെടുത്തുകയും അതിനെ ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു” (29:15).

> വ്യതിചലിച്ച വിഭാഗങ്ങളുടെ പരമ്പരാഗത സ്വഭാവമാണ് പ്രമാണ ദുർവ്യാഖ്യാനവും അഹ്‌ലുസ്സുന്നയുടെ ഗ്രന്ഥങ്ങളിൽ കൈക്രിയ നടത്തലും. സത്യത്തിന്റെ പക്ഷത്ത് നിലകൊള്ളാത്തവർക്ക് കളവിന്റെ കോട്ടകൾ കെട്ടേണ്ടി വരിക സ്വാഭാവികം. അല്ലാഹു പറയുന്നു: "ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽനിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (8:25).

ഇബ്‌റാഹീം നബി(അ) തീയിൽനിന്ന് രക്ഷപ്പെട്ടത് എങ്ങനെയെന്ന് അല്ലാഹു പറഞ്ഞുതരുന്നു: "നാം പറഞ്ഞു: തീയേ, നീ ഇബ്‌റാഹീമിന് തണുപ്പും രക്ഷയുമായിരിക്കുക. അദ്ദേഹത്തിന്റെ കാര്യത്തിൽ ഒരു തന്ത്രം പ്രയോഗിക്കുവാൻ അവർ ഉദ്ദേശിച്ചു. എന്നാൽ അവരെ ഏറ്റവും നഷ്ടം പറ്റിയവരാക്കുകയാണ് നാം ചെയ്തത്" (21:69,70).

നബിദിനാഘോഷത്തോടനുബന്ധിച്ച് സമസ്തക്കാർ അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെ ഈ യാഥാർഥ്യങ്ങളെയെല്ലാം മണ്ണിട്ട് മൂടാനും കെട്ടുപഴകിയ കള്ളക്കഥകളെ പുട്ടിയിട്ട് മിനുക്കി എഴുന്നള്ളിക്കാനും ശ്രമിച്ചത് കാണുക:

"ആദം നബി(അ)യും നൂഹ് നബി(അ)യും തവസ്സുൽ ചെയ്തതായുള്ള മൻഖൂസ് മൗലിദിലെ പരാമർശങ്ങൾക്ക് ഹദീസിന്റെയും ചരിത്രത്തിന്റെയും പിൻബലമുണ്ടെന്ന് ബോധ്യമായല്ലോ. വിശുദ്ധ ഖുർആൻ അൽഅൻകബൂത്ത് 15-ാം സൂക്തത്തിൽ പറഞ്ഞതിനോട് ഇത് എതിരാവുകയില്ല" (സുന്നിവോയ്സ്/2025 ആഗസ്റ്റ് 16-31, സെപ്തംബർ 1-15/പേജ് 27).

"ആദം നബി(അ) അല്ലാഹുവിനോട് പാപമോചനം തേടിക്കൊണ്ട് ഇപ്രകാരം പ്രാർഥിച്ചു: അല്ലാഹുവേ, മുഹമ്മദ് നബി(സ)യുടെ ഹഖ് കൊണ്ട് എന്റെ പാപം നീ പൊറുത്തുതരണേ, എന്റെ തൗബ സ്വീകരിക്കണേ" (സുന്നിഅഫ്കാർ/2025 സെപ്തംബർ 1-30/പേജ് 82).

നബി(സ്വ)ക്ക് അല്ലാഹു നൽകിയ 'റസൂൽ' എന്ന പദവിയുടെ പരിധിയിൽപ്പെടാത്ത പോരിശപ്പെടുത്തലാണിതെല്ലാം. പ്രമാണങ്ങളിൽ എവിടെയും സ്ഥിരപ്പെടാത്ത ഈ സംഭവം പ്രവാചകന്മാരിലേക്ക് ചേർത്തിപ്പറയുന്നത് എത്രമാത്രം ഗൗരവമുള്ള കാര്യമാണ്! എവിടെ നിന്നാണ് ഇവർക്ക് ഇതൊക്കെ കിട്ടിയത്? അവർ തന്നെ പറയട്ടെ: "ഹദീസ് പണ്ഡിതന്മാരും ഖുർആൻ വ്യാഖ്യാതാക്കളും ഈ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് മൗലിദുകളിൽ മാത്രം കാണുന്നതല്ല. വിഷയത്തിന്റെ പൂർണരൂപം ഇമാം ഹാകിം(റ) ഉദ്ധരിക്കുന്നുണ്ട്" (സുന്നിവോയ്സ്/പേജ് 22).

"മാത്രമല്ല, നൂഹ് നബി(അ)യുടെ ഈ സംഭവം ഖുർആൻ വ്യാഖ്യാതാക്കളായ ഒട്ടനേകം പണ്ഡിതർ പറഞ്ഞതായി തഖിയ്യുദ്ദീനുസ്സുബ്കി(റ) ശിഫാഉസ്സഖാം പേജ് 135ൽ രേഖപ്പെടുത്തിയിട്ടുണ്ട്" (പേജ് 27).

ഇമാം ഹാകിം(റഹി) തന്റെ അൽ 'മുസ്തദ്റക്' എന്ന ഗ്രന്ഥത്തിൽ കൊടുത്തൊരു റിപ്പോർട്ട് കണ്ട് അതിന്റെ വിശദാംശങ്ങൾ പഠന വിധേയമാക്കപ്പെട്ടതിലേക്കൊന്നും നോക്കാതെ വലിയൊരു തെളിവു കിട്ടി എന്ന മട്ടിൽ മുസ്‌ലിയാക്കന്മാർ ചാടി വീണിരിക്കുകയാണ്!

മുകളിൽ കൊടുത്ത ഖുർആൻ സൂക്തങ്ങൾക്ക് എതിരാണ് ഇപ്പറഞ്ഞ കാര്യങ്ങൾ എന്നത് വായനക്കാർ മനസ്സിലാക്കുക.

നൂഹ് നബി(അ) മുഹമ്മദ് നബി(സ്വ)യോട് തവസ്സുൽ ചെയ്തു എന്ന കഥ വിശുദ്ധ ഖുർആൻ അൽഅൻകബൂത്ത് 15ാം സൂക്തത്തിൽ പറഞ്ഞതിനോട് എതിരാവുകയില്ല എന്നാണ് മുസ്‌ലിയാർ വാദിക്കുന്നത്. "എന്നിട്ട് നാം അദ്ദേഹത്തെയും കപ്പലിലുള്ളവരെയും രക്ഷപ്പെടുത്തുകയും അതിനെ ലോകർക്ക് ഒരു ദൃഷ്ടാന്തമാക്കുകയും ചെയ്തു"-ഇതാണ് അൽഅൻകബൂത്ത് 15ാം സൂക്തത്തിലുള്ളത്. നൂഹ് നബി(അ)യെയും കപ്പലിലുള്ളവരെയും നാമാണ് രക്ഷപ്പെടുത്തിയത് എന്ന് അല്ലാഹു പറയുമ്പോൾ അതിനു പിന്നിൽ മുഹമ്മദ് നബി(സ്വ)യോടുള്ള തവസ്സുൽ ഉണ്ട് എന്നാണ് മുസ്‌ലിയാക്കന്മാരുടെ വാദം. എങ്കിൽ അല്ലാഹു അത് വിട്ടുകളഞ്ഞതെന്തേ എന്നൊന്നും ഇവരോടു ചോദിക്കരുത്, കെട്ടുകഥയിൽ ചോദ്യമില്ല എന്നാണല്ലോ!

നിർമിതവും അടിസ്ഥാനരഹിതവുമായ റിപ്പോർട്ടാണ് ഈ വിഷയത്തിലുള്ള മുസ്‌ലിയാക്കന്മാരുടെ പിടിവള്ളി. ഇതിന്റെ പരമ്പരയിലുള്ള അബ്ദുറഹ്മാൻ ഇബ്നു സൈദ് ഇബ്നു അസ്‌ലം ദുർബലനാണെന്നും അബ്ദുല്ലാഹിബ്നു മുസ്‌ലിം അൽഫഅരി ആരാണെന്ന് പോലും അറിയില്ലെന്നും ഇത് പൊള്ളവാർത്തയാണെന്നും ഇമാം ദഹബി (റഹി) മീസാനുൽ ഇഅ്തിദാലിൽ പറഞ്ഞിട്ടുണ്ട്. ഇമാമുമാരായ അഹ്മദ് ബ്നു ഹമ്പൽ(റഹി), ഇബ്നു മഈൻ (റഹി), ഇബ്നുൽ മദീനി(റഹി), നസാഈ(റഹി), ഇബ്നു ഹജർ അസ്ഖലാനി (റഹി), ബൈഹകി(റഹി), ഇബ്നു കസീർ(റഹി) എന്നിവരെല്ലാം ഇതിലെ റിപ്പോർട്ടർമാരുടെ അസ്വീകാര്യത തെര്യപ്പെടുത്തിയിട്ടുണ്ട്.

അഹ്‌ലുസ്സുന്നയോട് പുറം തിരിഞ്ഞും അശ്അരി വിശ്വാസങ്ങൾക്ക് സംരക്ഷണമൊരുക്കിയും കഴിഞ്ഞ സുബ്കിയെ തന്നെ ഈ കള്ളത്തരത്തിന് കൂട്ടാക്കിയത് മതി ഇത് കറകളഞ്ഞ ശിയാ, സൂഫി നിർമിതിയാണെന്നതിന്!

### ഇബ്നു തൈമിയ്യ(റ)യെ മുസ്‌ലിയാക്കന്മാർ മിത്രമാക്കുന്നു?

ശൈഖുൽ ഇസ്‌ലാമിന്റെ പേര് കേട്ടാൽ ഓക്കാനം വരുന്ന പുരോഹിതന്മാർ തട്ടിപ്പും വെട്ടിപ്പും നടത്തി ഈ പിഴച്ച വിശ്വാസത്തിന് അദ്ദേഹത്തെ അത്താണിയാക്കുന്നത് കാണുക:

"ബിദ്അത്തുകാരുടെ ആശയ സ്രോതസ്സായ ഇബ്നു തൈമിയ്യ നേരത്തെ ഉദ്ധരിച്ച ഹദീസ് പൂർണ്ണമായി രേഖപ്പെടുത്തിയശേഷം ഹദീസിന്റെ ബാക്കി ഇത്രകൂടി എഴുതുന്നു: '(ആദമേ) മുഹമ്മദ് നബി(സ) നിങ്ങളുടെ സന്താനങ്ങളിലെ അവസാന പ്രവാചകനാണ്. ആ മുഹമ്മദ് ഇല്ലായിരുന്നുവെങ്കിൽ താങ്കളെ സൃഷ്ടിക്കുമായിരുന്നില്ല.' ഈ ഹദീസ് ഇതിന് മുമ്പുള്ളതിനെ ശക്തിപ്പെടുത്തുന്നു. ഈ ഹദീസും അതിനു മുമ്പുള്ളതും സഹീഹായ ഹദീസുകൾക്കുള്ള വ്യാഖ്യാനം പോലെയാണ്" (സുന്നിവോയ്സ്/പേജ്,25)

മുസ്‌ലിയാർ ഇവിടെ കൊടുത്ത 'ഈ ഹദീസ് ഇതിന് മുമ്പുള്ളതിനെ ശക്തിപ്പെടുത്തുന്നു. ഈ ഹദീസും അതിനു മുമ്പുള്ളതും സഹീഹായ ഹദീസുകൾക്കുള്ള വ്യാഖ്യാനം പോലെയാണ്' എന്നത് ഇമാമിന്റെ വരികളിൽ ഇല്ലാത്തതാണ്. എത്ര വലിയ തട്ടിപ്പാണിത്! മാത്രവുമല്ല മുസ്‌ലിയാർ വലിയ വെട്ടിപ്പും നടത്തിയിട്ടുണ്ട്! അഥവാ, ഈ ഉദ്ധരണിയിലെ റിപ്പോർട്ടരുടെ അവസ്ഥയെ സംബന്ധിച്ച് ഇബ്നു തൈമിയ്യ(റഹി) പറഞ്ഞതെല്ലാം പൂഴ്ത്തിവെച്ചു. "അബൂ ഹാതിം ഇബ്നു ഹിബ്ബാൻ(റഹി) പറഞ്ഞു: 'അയാൾ(അബ്ദുറഹ്മാനുബ്നു അസ്‌ലം) അറിയാതെ ധാരാളം ഹദീസുകളിൽ മുർസലുകളെ (താബിഇ വരെ എത്തുന്ന) മർഫൂഅ് (നബി(സ)വരെ എത്തുന്ന) ആക്കിയും മഅ്ക്വൂഫുകളെ (സ്വഹാബിവരെ എത്തുന്ന) മുസ്നദുകൾ (നബിവരെ എത്തുന്ന) ആക്കിയും മാറ്റിമറിക്കാറുണ്ടായിരുന്നു. അതിനാൽ അയാൾ ഒഴിവാക്കാൻ അർഹതപ്പെട്ടവനാണ്."

ഈ ചർച്ചകളുടെ ഒടുക്കത്തിൽ ഇമാം സൂചിപ്പിച്ചതന്തേ മുസ്‌ലിയാർ എടുത്തെഴുതാതിരുന്നത്? "ഇതുപോലുള്ളവയെ കൊണ്ട് ശരീഅത്ത് ഉണ്ടാക്കാനോ അവ മതത്തിൽ തെളിവാക്കാനോ അനുവാദമില്ലെന്നതിൽ മുസ്‌ലിംകളുടെ ഏകാഭിപ്രായമുണ്ട്. ഇങ്ങനെയുള്ളതെല്ലാം ഇസ്‌റാഈലിയാത്തിൽ പെട്ടതാണ്. നബി(സ)യിൽനിന്ന് സ്ഥിരപ്പെട്ട് വന്നാലേ അതിന്റെ സ്വീകാര്യത അറിയുകയുള്ളൂ" (മജ്മൂഉൽ ഫതാവ).

'മരണപ്പെട്ടവരോടുള്ള ഇസ്തിഗാസയെ ആദ്യമായി എതിർത്ത വ്യക്തി' എന്ന് ഇവർതന്നെ വിശേഷിപ്പിച്ച ഇമാം ഇബ്നു തൈമിയ്യ ഒരിക്കലും അടിസ്ഥാനരഹിതമായ വിശ്വാസങ്ങൾക്ക് വഴിയൊരുക്കിവെക്കുകയില്ല എന്ന് മനസ്സിലാക്കാനുള്ള ബുദ്ധി ഇവർക്ക് ഇല്ലാതെ പോയി എന്നേ പറയാനുള്ളൂ.

### ശെയ്ഖ് അൽബാനി(റ)യും തെളിവാണത്രേ!

ആധുനിക ഹദീസ് പണ്ഡിതനായ, ബിദ്അത്തിനെതിരെ പോരാടിയ ശെയ്ഖ് അൽബാനി(റഹി)യെയും ഇവർ തങ്ങളുടെ കള്ളക്കഥകൾക്ക് കൂട്ടുപിടിക്കുന്നത് കാണുക:

"ആഗോള ബിദഇകളുടെ ആചാര്യനും മുഹദ്ദിസുമായി പരിചയപ്പെടുത്തുന്ന നാസിറുദ്ദീൻ അൽബാനി തവസ്സുലല്ലാത്ത ഒന്നിലധികം ഹദീസുകൾ ഇദ്ദേഹത്തിൽനിന്നു ഉദ്ധരിക്കുന്നുണ്ട്. അവിടെയൊക്കെ ഇദ്ദേഹം യോഗ്യനും അതിനാൽ ഹദീസ് സ്വീകാര്യവുമാണെന്ന് പ്രഖ്യാപിക്കുന്നത് കാണാം. ഉദാഹരണം, സുനനുത്തിർമുദിയുടെ 631-ാം നമ്പർ ഹദീസ് ഇമാം തിർമിദി ഉദ്ധരിക്കുന്നത് അബ്ദുറഹ്മാനുബ്നു സൈദിബ്നി അസ്‌ലം എന്ന (തവസ്സുലിന്റെ ഹദീസ് സനദിൽ പറയപ്പെട്ട) വ്യക്തിയിൽ നിന്നാണ്. വഹാബി വാദമനുസരിച്ച് ഈ ഹദീസ് നിർമിതവും തള്ളപ്പെടേണ്ടതുമാണ്. എന്നാൽ അൽബാനി സുനനു ത്തിർമിദിയിലെ പ്രസ്തുത ഹദീസിനെ സ്വഹീഹായ ഹദീസിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്" (സുന്നിവോ

യ്സ്/പേജ് 26).

പറയപ്പെട്ട ഹദീസിനെ കുറിച്ചുള്ള ശെയ്ഖ് അൽബാനിയുടെ നിലപാടുകൾ പൂർണമായും പുറത്ത് ഉദ്ധരിക്കാതെ മുസ്‌ലിയാർ ഇവിടെയും തന്റെ തനിനിറം പ്രകടിപ്പിച്ചിരിക്കുകയാണ്.

ഒഴിവാക്കപ്പെടേണ്ട വ്യക്തിയില്ലാത്ത പരമ്പരയിലൂടെയും ഹദീസ് വന്നിട്ടുള്ളതിനാൽ അത് സ്വഹീഹാണെന്ന് വ്യക്തമാക്കിയതിന് ശേഷം ശെയ്ഖ് എഴുതിയത് നമുക്ക് വായിക്കാം:

"അബ്ദുർറഹ്‌മാനുബ്നു സൈദ്ബ്നു അസ്‌ലം ഹദീസിൽ ദുർബലനും ധാരാളം തെറ്റുകൾ ഉള്ളവനുമാണ്. ഹദീസ് പണ്ഡിതന്മാരായ അഹ്‌മദുബ്നു ഹമ്പൽ(റഹി)യും അലിയ്യുബ്നുൽ മദീനി(റഹി)യും അല്ലാത്തവരും ആ ദുർബലത പറഞ്ഞിട്ടുണ്ട്'' (സ്വഹീഹുത്തിർമിദി/പേജ് 160).

ഈ സത്യം മൂടിവെച്ചാണ് അൽബാനിയും അംഗീകരിച്ചേ എന്ന് ആർക്കുന്നത്!

വ്യതിചലിച്ച വിഭാഗങ്ങളുടെ പരമ്പരാഗത സ്വഭാവമാണ് പ്രമാണ ദുർവ്യാഖ്യാനവും അഹ്‌ലുസ്സുന്നയുടെ ഗ്രന്ഥങ്ങളിൽ കൈക്രിയ നടത്തലും. സത്യത്തിന്റെ പക്ഷത്ത് നിലകൊള്ളാത്തവർക്ക് കളവിന്റെ കോട്ടകൾ കെട്ടേണ്ടിവരിക സ്വാഭാവികം.

അല്ലാഹു പറയുന്നു: "ഒരു പരീക്ഷണം (ശിക്ഷ) വരുന്നത് നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. അത് ബാധിക്കുന്നത് നിങ്ങളിൽ നിന്നുള്ള അക്രമികൾക്ക് പ്രത്യേകമായിട്ടാവുകയില്ല. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക" (8:25).

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി,
വിസ്‌ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

# ആലുശെയ്ഖ്:
## അറിവും വിനയവും വിവേകവും ഒത്തുചേർന്ന പണ്ഡിതൻ

സുഊദി അറേബ്യ ഗ്രാന്റ് മുഫ്തിയും ഉന്നത പണ്ഡിതസഭാ മേധാവിയും ഫത്‌വ ബോർഡ് ചെയർമാനുമായ ശെയ്ഖ് അബ്ദുൽ അസീസ് ആലു ശെയ്ഖ് അല്ലാഹുവിലേക്ക് യാത്രയായ വിവരം അറിഞ്ഞപ്പോൾ അദ്ദേഹത്തെ സന്ദർശിച്ച ആ ദിനങ്ങൾ ഓർമയിൽ അലയടിച്ചു.

ബഹുമാന്യ പണ്ഡിതൻ കുഞ്ഞുമുഹമ്മദ് മദനി പറപ്പൂരിന്റെ നേതൃത്വത്തിൽ വിസ്‌ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ഒരു പ്രതിനിധി സംഘം അദ്ദേഹത്തെ സന്ദർശിച്ച വേളയിലാണ് ആ മഹാപണ്ഡിതനെ കാണാനും അദ്ദേഹത്തിന്റെ പാണ്ഡിത്യവും എളിമയും ആതിഥ്യ മര്യാദയും നേരിട്ടനുഭവിക്കാനും അവസരമുണ്ടായത്.

വിസ്‌ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ കോഴിക്കോട് സ്വപ്ന നഗരയിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ഖുർആൻ കോൺഫറൻസിനെ ഓൺലൈനിലൂടെ അദ്ദേഹം അഭിസംബോധന ചെയ്ത് സംസാരിച്ചത് ഈ കൂട്ടായ്മയെ സംബന്ധിച്ചിടത്തോളം പ്രബോധന രംഗത്ത് ഏറെ ആവേശം പകർന്ന ഒന്നായിരുന്നു.

ഇരുപതാമത്തെ വയസ്സിൽ തനിക്ക് അന്ധത ബാധിച്ചപ്പോഴും അറിവിന്റെ അക്ഷയഖനി അദ്ദേഹത്തിന് അന്യമായില്ല. മതപരമായ ഏത് കാര്യം ചോദിച്ചാലും പ്രാമാണികമായ മറുപടി നൽകുന്നതിൽ അദ്ദേഹത്തിന്റെ വിജ്ഞാനവും വിവേകവും ലോക മുസ്‌ലിംകൾ തൊട്ടറിഞ്ഞതാണ്.

അറിവും വിനയവും വിവേകവുമുള്ള പണ്ഡിതന്മാരുടെ മടക്കം ഏറെ വേദനിപ്പിക്കുന്നതാണ്. അല്ലാഹു അദ്ദേഹത്തിന് ജന്നാത്തുൽ ഫിർദൗസ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ഖുർആനും സുന്നത്തും സച്ചരിതരുടെ പാതയിൽ പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പണ്ഡിതന്മാരെ അദ്ദേഹത്തിന്റെ പിൻഗാമികളായി നമുക്ക് ലഭിക്കുമാറാകട്ടെ - ആമീൻ

ഡോ. അബ്ദുല്ല ബാസിൽ
: 87141 74330

# 'കുസാറ്റിലെ താലിബാനിസം!'

"ശരിക്കും വേറെന്തെങ്കിലും സംഭവമുണ്ടോ? ഇത് സാധാരണ കാര്യമല്ലേ?" കുസാറ്റിൽ വിസ്ഡം സ്റ്റുഡന്റ്സ് നടത്തിയ ഒരു പരിപാടിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമിടയിൽ മറയിട്ടത് വിവാദമായതുമായി ബന്ധപ്പെട്ട് ഒരു സുഹൃത്ത് ചോദിച്ചതാണിത്. മുസ്‌ലിം സംഘടനകൾ നടത്തുന്ന പ്രോഗ്രാമുകളിൽ പണ്ടുമുതലേ സ്ത്രീകളും പുരുഷന്മാരും വെവ്വേറെയാണ് ഇരിക്കാറുള്ളത്. കർട്ടൻ ഒഴിവാക്കിയതുകൊണ്ട് പ്രശ്നമുണ്ടാക്കാൻ ശ്രമിക്കുന്നവർ അത് അവസാനിപ്പിക്കുമോ? ഇല്ല, അവർക്ക് ഇടകലർന്നിരിക്കാത്തതുതന്നെ വലിയ പ്രശ്നമാണ്!

എന്നുവെച്ചാൽ, ഏകദേശം എല്ലാ മുസ്‌ലിം സംഘടനകളുടെയും പ്രോഗ്രാമുകൾ ലിബറൽ റഡാറിൽ പ്രശ്നമാണ് -അവിടെയെല്ലാം സ്ത്രീകളും പുരുഷന്മാരും അടുത്തടുത്തല്ല ഇരിക്കുന്നത്-അതാണ് മുസ്‌ലിം സമൂഹത്തിന്റെ 'norm'. മറിച്ച് സ്ത്രീകളും പുരുഷന്മാരും ഇടകലർന്ന് ഒരു മുസ്‌ലിം സംഘടന പ്രോഗ്രാം നടത്തിയാൽ അതാണ് ഒരു 'ന്യൂസ്' ആവേണ്ടത്. പക്ഷേ, ഇവിടെ അവരുടെ സ്വാഭാവിക രീതികൾ തന്നെ ബ്രേക്കിങ് ന്യൂസ് ആവുകയാണ്.

അൽപ കാലമായി കേരളത്തിൽ നടന്നുവരുന്ന ഒരു പ്രതിഭാസമാണിത്. മുസ്‌ലിംകളുടെ സ്വാഭാവിക രീതികളെ പെട്ടെന്നൊരു ദിവസം പ്രശ്നവത്കരിക്കുക, വിവാദമാക്കുക, ശേഷം അത് സംഘപരിവാർ ഏറ്റെടുക്കുമ്പോൾ 'കണ്ടോ നിങ്ങളുടെ മതമൗലികവാദം കാരണം സംഘികൾ വളരുന്നു' എന്ന് പറയുക! ഇവിടെ പതിറ്റാണ്ടുകളായി നടക്കുന്നതുപോലെ മുസ്‌ലിം പ്രോഗ്രാമിൽ സ്ത്രീകളും പുരുഷന്മാരും വെവ്വേറെയിരുന്നതാണോ പ്രശ്നം, അതോ അത് ഭീകരവത്കരിച്ച് സംഘികൾക്ക് വടി കൊടുത്തതോ?

അടുത്തതായി വേണമെങ്കിൽ 'മുസ്‌ലിം പള്ളിയിൽ അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ലെന്ന അപരമത വിദ്വേഷം പറയുന്നു' എന്നും റിപ്പോർട്ട് ചെയ്യാം. അഫ്ഗാനിസ്ഥാനിലും ഇറാനിലും ഇതേ രൂപത്തിലുള്ള ബാങ്ക് ഉണ്ടെന്നാണറിവ് എന്നു പറഞ്ഞ് 'സ്റ്റോറി' ഡെവലപ് ചെയ്യാം. 'താലിബാനിലെ ബാങ്ക് കേരളത്തിലും, കേരളം ഇസ്‌ലാമിക രാജ്യമാകുന്നു!' എന്നു പറഞ്ഞ് 'ജനം ടിവി'യിൽ ചർച്ച വരുമ്പോൾ 'സംഘികൾക്ക് വളമിട്ട് കൊടുക്കുന്ന ബാങ്ക് ഒഴിവാക്കികൂടായിരുന്നോ എന്ന് ചോദിക്കുകയുമാവാം!

മുസ്‌ലിംകളുമായി ബന്ധപ്പെട്ട എന്തിനെയും സംശയദൃഷ്ടിയോടെ മാത്രം നോക്കിക്കാണുന്നതിലെ പ്രശ്നം മാധ്യമപ്രവർത്തകർക്ക് മനസ്സിലാവാത്തതാണോ? സോസൈറ്റി ആക്റ്റ് പ്രകാരം പ്രവർത്തിക്കുന്ന എല്ലാ വിദ്യാർഥി സംഘടനകൾക്കും ക്യാമ്പസുകളിൽ യൂണിറ്റ് ഉണ്ടാകും. അവർ കോമ്പൗണ്ടിന് അകത്തോ പുറത്ത് തൊട്ടടുത്തോ കോളേജ് വിദ്യാർഥികൾക്ക് വേണ്ടി നടത്തുന്ന പ്രോഗ്രാമുകൾക്ക് ആ ക്യാമ്പസിന്റെ പേര് പറയുക എന്നത് പുതിയ കാര്യമല്ല. ഇത് കോളേജിൽ പോയവർക്ക് അറിയാവുന്ന കാര്യമാണ്. അത്രയും സ്വാഭാവികമായ കാര്യം ഒരു മുസ്‌ലിം സംഘടന നടത്തുമ്പോൾ പെട്ടെന്നൊരു ദിവസം അത് 'പേര് ദുരുപയോഗം' ആകുന്നു! വാർത്ത റിപ്പോർട്ട് ചെയ്യുന്നവന് പോലുമറിയാം ഒരു കാര്യവുമില്ലെന്ന്!

ഇവിടെ രണ്ട് ഓപ്ഷനുകളാണ് മുസ്‌ലിംകൾക്ക് മുമ്പിലുള്ളത്. ഒന്നുകിൽ ഈ ലിബറൽ ഹിന്ദുത്വ പൊതുബോധത്തിന് നോവുമോ എന്ന് ഭയന്ന് തങ്ങളുടെ സാധാരണ വിശ്വാസ-ആചാര രീതികൾ പോലും പരമാവധി ഒളിച്ചും പേടിച്ചും ചെയ്യുക. അതല്ലെങ്കിൽ അഭിമാനത്തോടെ ഞങ്ങൾ ഇങ്ങനെയൊക്കെത്തന്നെയാണെന്ന് തലയുയർത്തി നിന്ന് പറയുക.

സ്വസ്ഥതയുള്ള സാമൂഹ്യാന്തരീക്ഷം എല്ലാവരുടെയും ആവശ്യമാണ്. അതിന് മുസ്‌ലിംകൾ മാത്രം തങ്ങളുടെ ഐഡന്റിറ്റിയിലും രീതികളിലും വെള്ളം ചേർക്കണമെന്ന് പറയുന്നവരോട് 'സൗകര്യമില്ല' എന്ന് മാത്രമാണ് മറുപടി. ■

# സൂറതു അൻകബൂത്ത്

(മക്കയിൽ അവതരിച്ചത്)

അധ്യായം 29

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

وَكَذَٰلِكَ أَنزَلْنَا إِلَيْكَ الْكِتَابَ ۚ فَالَّذِينَ آتَيْنَاهُمُ الْكِتَابَ يُؤْمِنُونَ بِهِ ۖ وَمِنْ هَٰؤُلَاءِ مَن يُؤْمِنُ بِهِ ۚ وَمَا يَجْحَدُ بِآيَاتِنَا إِلَّا الْكَافِرُونَ ﴿٤٧﴾

47. അതുപോലെ നിനക്കും നാം വേദഗ്രന്ഥം അവതരിപ്പിച്ച് തന്നിരിക്കുന്നു. അപ്പോൾ നാം (മുമ്പ്) വേദഗ്രന്ഥം നൽകിയിട്ടുള്ളവർ ഇതിൽ വിശ്വസിക്കുന്നതാണ്. ഈ കൂട്ടരിലും അതിൽ വിശ്വസിക്കുന്നവരുണ്ട്. അവിശ്വാസികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.

وَمَا كُنتَ تَتْلُو مِن قَبْلِهِ مِن كِتَابٍ وَلَا تَخُطُّهُ بِيَمِينِكَ ۖ إِذًا لَّارْتَابَ الْمُبْطِلُونَ ﴿٤٨﴾

48. ഇതിനു മുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിന്റെ വലതുകൈ കൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്കു സംശയിക്കാമായിരുന്നു.

بَلْ هُوَ آيَاتٌ بَيِّنَاتٌ فِي صُدُورِ الَّذِينَ أُوتُوا الْعِلْمَ ۚ وَمَا يَجْحَدُ بِآيَاتِنَا إِلَّا الظَّالِمُونَ ﴿٤٩﴾

49. എന്നാൽ ജ്ഞാനം നൽകപ്പെട്ടവരുടെ ഹൃദയങ്ങളിൽ അത് സുവ്യക്തമായ ദൃഷ്ടാന്തങ്ങളാകുന്നു. അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല.

وَقَالُوا لَوْلَا أُنزِلَ عَلَيْهِ آيَاتٌ مِّن رَّبِّهِ ۖ قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ وَإِنَّمَا أَنَا نَذِيرٌ مُّبِينٌ ﴿٥٠﴾

50. അവർ (അവിശ്വാസികൾ) പറഞ്ഞു: ‘ഇവന്നു ഇവന്റെ രക്ഷിതാവിങ്കൽനിന്ന് എന്തുകൊണ്ട് ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കപ്പെടുന്നില്ല?’ നീ പറയുക: ‘ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽ മാത്രമാകുന്നു. ഞാൻ വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാകുന്നു.’

أَوَلَمْ يَكْفِهِمْ أَنَّا أَنزَلْنَا عَلَيْكَ الْكِتَابَ يُتْلَىٰ عَلَيْهِمْ ۚ إِنَّ فِي ذَٰلِكَ لَرَحْمَةً وَذِكْرَىٰ لِقَوْمٍ يُؤْمِنُونَ ﴿٥١﴾

51. നാം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു. എന്നതു തന്നെ അവർക്കു (തെളിവിന്) മതിയായിട്ടില്ലേ? അതവർക്ക് ഓതി കേൾപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ അനുഗ്രഹവും ഉൽബോധനവുമുണ്ട്.

47) (അതുപോലെ നിനക്ക് നാം അവതരിപ്പിച്ചു) മുഹമ്മദേ, ഈ (ഗ്രന്ഥം). ആദരണീയമായ, എല്ലാ മഹത്തായ സംഭവങ്ങളും വിശദീകരിക്കുന്ന, എല്ലാ നല്ല സ്വഭാവങ്ങളെയും കാര്യങ്ങളെയും വിളിച്ചറിയിക്കുന്ന, മുൻ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്ന, പൂർവപ്രവാചകൻമാരെക്കുറിച്ച് അറിവ് തരുന്ന ഗ്രന്ഥം. (അപ്പോൾ നാം ഗ്രന്ഥം നൽകിയിട്ടുള്ളവർ) നാം വേദഗ്രന്ഥം നൽകുകയും അത് അംഗീകരിക്കേണ്ടത് പോലെ അംഗീകരിക്കുകയും ചെയ്യുന്നു. അസൂയയോ ദേഹേച്ഛകളോ ആഗ്രഹങ്ങളോ തടസ്സമാകുന്നില്ല. (അതിലവർ വിശ്വസിക്കുന്നു) കാരണം, അത് സത്യമാണെന്ന് അവർക്കുറപ്പുണ്ട്. അത് അവരുടെ അടുക്കലുള്ള പ്രവചനങ്ങളുമായി യോജിക്കുന്നതായി കാണുന്നു. നല്ലതും ചീത്തയും ശരിയും തെറ്റും എന്താണെന്ന് അറിവുകൊണ്ട് അവർ വേർതിരിച്ചറിയുന്നു. (ഇക്കൂട്ടരിലും ഉണ്ട്) അന്നുള്ളവരിൽ. (അതിൽ വിശ്വസിക്കുന്നവർ) ഉൾക്കാഴ്ചയോടെ വിശ്വസിക്കുന്നവർ, ഭയംകൊണ്ടോ ആഗ്രഹങ്ങൾകൊണ്ടോ അല്ല. (അവിശ്വാസികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല) സത്യത്തെ സ്ഥിരമായി നിഷേധിക്കുകയും ശാഠ്യം പിടിക്കുകയും ചെയ്യുന്ന സത്യനിഷേധികളല്ലാതെ നമ്മുടെ വചനങ്ങളെ ആരും നിഷേധിക്കുകയില്ല. സത്യനിഷേധികൾ മാത്രമെ അവന്റെ വഹ്‌യ് നിഷേധിക്കുകയുള്ളൂ. കാരണം സത്യത്തെ പിന്തുടരാൻ ആഗ്രഹിക്കുന്ന ഒരാളിൽ നിന്നും തിരസ്കരണം ഉണ്ടാകില്ല. മറിച്ച് ഉദ്ദേശ്യശുദ്ധിയുള്ള ഏതൊരാളും അതിൽ വിശ്വസിക്കുകതന്നെ ചെയ്യും. കാരണം, മനസാന്നിധ്യത്തോടെ കേൾക്കുന്നവർക്കും ബുദ്ധിയും വിവേകവുമുള്ള ഏതൊരാൾക്കും ധാരാളം തെളിവുകൾ അതിൽ വിശദീകരിക്കുന്നുണ്ട്. ഈ വിശ്വസ്തനായ പ്രവാചകൻ ഇത് കൊണ്ടുവന്നു എന്നതാണ് ഇതിന്റെ തെളിവുകളിൽ ഒന്ന്. അദ്ദേഹത്തിന്റെ സത്യതയും വിശ്വസ്തതയും വരവും പോക്കും മറ്റു വസ്തുതകളുമെല്ലാം അവർക്കറിയും. അദ്ദേഹത്തിന് എഴുതാനറിയില്ല. എഴുതിയത് വായിക്കാനുമറിയില്ല. അതിനാൽ സർവശക്തനും സ്തുത്യർഹനുമായ അല്ലാഹുവിൽ നിന്നാണ് എന്നതിൽ യാതൊരു സംശയവുമില്ലെന്ന് ഈ പശ്ചാത്തലത്തിൽനിന്ന് വ്യക്തമാണ്.

48) അല്ലാഹു പറയുന്നു: (നീ പാരായണം ചെയ്തിരുന്നില്ല) അതായത് വായിച്ചിരുന്നില്ല (ഇതിന് മുമ്പ് വല്ല ഗ്രന്ഥവും). (നിന്റെ വലതു കൈകൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല) ഇങ്ങനെയൊക്കെ ആയിരുന്നെങ്കിൽ (ഈ സത്യം) നിഷേധികൾക്ക് സംശയിക്കാമായിരുന്നു. കാരണം അദ്ദേഹം അത് മുൻ വേദങ്ങളിൽ നിന്ന് പഠിച്ചതാണെന്നോ പകർത്തിയെഴുതിയതാണെന്നോ പറയാമായിരുന്നു.

എന്നാൽ ശ്രേഷ്ഠമായൊരു ഗ്രന്ഥം താങ്കൾക്ക് അവതരിച്ചിരിക്കുന്നു. കഠിന ശത്രുക്കളെയും സാഹിത്യകാരൻമാരെയും അതുപോലെയുള്ളതോ അല്ലെങ്കിൽ ഒരു അധ്യായമോ കൊണ്ടുവരിക എന്ന് വെല്ലുവിളിച്ചു. അവരതിൽ അങ്ങേയറ്റം പരാജയപ്പെട്ടു. സാഹിത്യം നന്നായി അറിഞ്ഞിട്ടും അവരതിനെതിരെ സംസാരിച്ചതേ ഇല്ല. കാരണം അവർക്കറിയാമായിരുന്നു, മനുഷ്യന്റെ വാക്കുകൾ അതിനോട് പൊരുത്തപ്പെടില്ലെന്ന്. അതാണ് അല്ലാഹു പറഞ്ഞത്:

49) (എന്നാൽ ഇത്) ഈ ക്വുർആൻ. (വ്യക്തമായ ദൃഷ്ടാന്തമാണ്) അവ്യക്തതകളില്ല. (ജ്ഞാനം നൽകപ്പെട്ടവരുടെ ഹൃദയങ്ങളിൽ) മനുഷ്യരിലെ നേതാക്കളും ബുദ്ധിമാൻമാരുമാണവർ. അവരുടെ മനസ്സിലെ ചിന്ത ഇങ്ങനെയാണെങ്കിൽ മറ്റുള്ളവർക്കും എതിരായ തെളിവാണിത്. അതിനാൽ ആരെതിർത്താലും പ്രശ്നമല്ല. അതൊരക്രമം മാത്രമായിരിക്കും. അതാണ് അല്ലാഹു പറഞ്ഞത്: (അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല) അറിവില്ലാത്തവർ അതിനെ നിഷേധിക്കും. അറിവില്ലാതെ സംസാരിക്കുന്നവർ, പണ്ഡിതന്മാരെ പിൻപറ്റാത്തവർ, യാഥാർഥ്യം മനസ്സിലാക്കാൻ കഴിയുമെങ്കിലും സത്യത്തോട് മുഖം തിരിഞ്ഞ് നിൽക്കുന്നവർ അജ്ഞത നടിക്കുന്നു. സത്യം അറിഞ്ഞിട്ടും അതിനെതിരാകുന്നു.

50) പ്രവാചകനിലും അദ്ദേഹം കൊണ്ടുവന്നതിലും അവിശ്വസിച്ച ഈ അക്രമികൾ എതിർക്കുകയും പ്രത്യേക ദൃഷ്ടാന്തങ്ങൾ ഇറക്കിക്കൊടുക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവർ പറഞ്ഞു:

"അവർ പറഞ്ഞു: ഭൂമിയിൽ നിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ ഒഴുക്കിത്തരുന്നതുവരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല" (17:90).

ദൃഷ്ടാന്തങ്ങൾ ഏതു നൽകണമെന്നത് നിർണയിക്കുന്നത് അവരോ പ്രവാചകനോ അല്ല. അത് അല്ലാഹു മാത്രമാണ്. അവന്റെ നിയന്ത്രണത്തിൽ ഇടപെ

ടാൻ ശ്രമിക്കുകയാണ് ഇവർ. അതിൽ ആർക്കും അധികാരമില്ല (ദൃഷ്ടാന്തങ്ങൾ അല്ലാഹുവിങ്കൽ മാത്രമാകുന്നു) അവൻ ഉദ്ദേശിച്ചാൽ അത് ഇറക്കും. അല്ലെങ്കിൽ തടയും. (ഞാൻ വ്യക്തമായ ഒരു താക്കീതുകാരൻ മാത്രമാകുന്നു) എനിക്ക് മുന്നറിയിപ്പുകാരൻ എന്ന സ്ഥാനമേയുള്ളൂ. അതിനപ്പുറം ഇല്ല.

സത്യവും അസത്യവും വേർതിരിക്കുക എന്നതാണ് ലക്ഷ്യമെങ്കിൽ ഇത് ഏതെങ്കിലും വഴിയിലൂടെ നേടിയെടുക്കാം. നിശ്ചിത അടയാളങ്ങൾ തന്നെ വേണമെന്ന് ആവശ്യപ്പെടുന്നതിൽ അല്ലാഹുവോടും സത്യത്തോടുമുള്ള അക്രമവും അഹങ്കാരവും ധിക്കാരവും ഉണ്ട്. ഈ ദൃഷ്ടാന്തങ്ങൾ അവതരിപ്പിക്കപ്പെട്ടാലേ സത്യത്തിൽ വിശ്വസിക്കൂ എന്ന് അവരുടെ ഹൃദയങ്ങളിൽ നിർബന്ധമുണ്ടെങ്കിൽ അത് യഥാർഥ വിശ്വാസമല്ല. അത് അവരുടെ ഇച്ഛകളോട് യോജിക്കുന്ന കാര്യം മാത്രമാണ്. സത്യമായത് കൊണ്ടല്ല അവർ വിശ്വസിക്കുന്നത്. മറിച്ച് ആ ദൃഷ്ടാന്തങ്ങൾ കാരണം മാത്രമാണ്. അങ്ങനെയെങ്കിൽ ഈ അടയാളങ്ങൾ ഇറക്കുന്നത് കൊണ്ട് എന്ത് പ്രയോജനമാണുള്ളത്?

51) സത്യം മനസ്സിലാക്കലാണ് ലക്ഷ്യമെങ്കിൽ അതിനുള്ള വഴി അല്ലാഹു പറയുന്നു: (അവർക്ക് മതിയായിട്ടില്ലേ?) നിന്റെ സത്യതയും നിനക്കിറക്കിയ ഗ്രന്ഥത്തിന്റെ സത്യതയും മനസ്സിലാക്കാൻ. (നാം നിനക്ക് വേദഗ്രന്ഥം ഇറക്കിത്തന്നിരിക്കുന്നു എന്നത് തന്നെ അവർക്ക് -തെളിവിന്- മതിയായതല്ലേ?) അനേകം അടയാളങ്ങളും തെളിവുകളുമുള്ള സംക്ഷിപ്ത വാക്കുകളാണിവ. നാം മുകളിൽ സൂചിപ്പിച്ചപോലെ നിരക്ഷരനായിരിക്കെ ഈ ഗ്രന്ഥം കൊണ്ടുവന്നു എന്നത് തന്നെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ്. പ്രവാചകന്റെ സത്യതക്ക് അതുപോലുള്ള ഒന്ന് കൊണ്ടുവരുന്നതിൽ അവർ പരാജയപ്പെട്ടതും അതിന് ക്വുർആൻ വെല്ലുവിളിച്ചതും മറ്റൊരു തെളിവാണ്.

അങ്ങനെ ക്വുർആൻ വരുകയും പരസ്യമായി ഓതപ്പെടുകയും ചെയ്തു. അത് അല്ലാഹുവിൽ നിന്നാണെന്ന് പറയപ്പെടുകയും ചെയ്തു. തന്നെ അനുകൂലിക്കുന്നവർ വളരെ കുറവും എതിർക്കുന്നവരും ശത്രുക്കളും വളരെ കൂടുതലുമുണ്ടായിരുന്ന കാലത്ത് അത് അവർക്ക് മുന്നിൽ പരസ്യമായി പ്രഖ്യാപിച്ചു. അദ്ദേഹം അത് മറച്ചുവെച്ചില്ല. അത് അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ ഇല്ലാതാക്കിയില്ല. മറിച്ച് അത് എല്ലാവർക്കും മുമ്പിൽ പരസ്യമായി പ്രഖ്യാപിച്ചു. നഗരവാസികളെയും മരുഭൂവാസികളെയും അതിലേക്ക് ക്ഷണിച്ചു. ഇതെന്റെ രക്ഷിതാവിന്റെ വചനമാണെന്ന് ഉറക്കെപ്പറഞ്ഞു. അതിന് സമാനമായത് അവതരിപ്പിക്കാനോ അതിനെക്കാൾ നല്ലത് കൊണ്ടുവരാനോ ആർക്കെങ്കിലും കഴിയുമോ?

മാത്രമല്ല, പൂർവികരുടെ കഥകളും ഭൂതകാലത്തെ വർത്തമാനങ്ങളും ഭാവിയെക്കുറിച്ചുള്ള കാര്യങ്ങളും പ്രവചിക്കുന്നു. അതെല്ലാം കൃത്യമായി സംഭവിക്കുകയും ചെയ്യുന്നു. മുൻ വേദങ്ങളെക്കാൾ അതിന് മുൻഗണനയുണ്ട്. അതിൽ ശരിയായതിനെ സ്ഥിരീകരിക്കുന്നു. അവയിൽ കടത്തിക്കൂട്ടിയ മാറ്റങ്ങളെ നിരാകരിക്കുന്നു.

ആളുകളെ ശരിയായ മാർഗത്തിലേക്ക് അത് വഴികാണിക്കുന്നു; അതിന്റെ കൽപനകളിലും വിരോധങ്ങളിലുമെല്ലാം. അത് നിർദേശിച്ച ഒരു കാര്യത്തെക്കുറിച്ച് ബുദ്ധി പറഞ്ഞിട്ടില്ല; 'അത് കൽപിച്ചില്ലായിരുന്നുവെങ്കിൽ' എന്ന്. അത് വിരോധിച്ച ഒരു കാര്യത്തെക്കുറിച്ച് ബുദ്ധി പറഞ്ഞില്ല; 'അത് വിരോധിച്ചിട്ടില്ലായിരുന്നുവെങ്കിൽ' എന്ന്. മറിച്ച് അത് എപ്പോഴും ന്യായത്തിന്റെയും തുല്യതയുടെയും കൂടെയാണ്. ആഴത്തിലുള്ള ഉൾക്കാഴ്ചയും വിവേകവുമുള്ളവരുടെ അറിവിനൊപ്പമാണ്. മാത്രമല്ല, അതിന്റെ മാർഗനിർദേശങ്ങളും വിധികളുമെല്ലാം ഏതു സാഹചര്യങ്ങളിലും ഏതു സമയത്തും ഏറ്റവും മികച്ചതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലല്ലാതെ ജനങ്ങളുടെ കാര്യങ്ങൾ ശരിയായ അവസ്ഥയിൽ എത്തില്ല.

ഇതെല്ലാം സത്യത്തെ അംഗീകരിക്കാൻ ഉദ്ദേശിക്കുന്നവർക്ക് എത്രയോ മതിയായ തെളിവാണ്; അതനുസരിച്ച് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവർക്കും. ക്വുർആനിനെ തൃപ്തിപ്പെടാത്തവന് ഒരിക്കലും തൃപ്തിവരാതിരിക്കട്ടെ! ക്വുർആൻ കൊണ്ട് ശമനമില്ലാത്തവന് അല്ലാഹു ശമനം നൽകാതിരിക്കട്ടെ! ക്വുർആൻകൊണ്ട് സൻമാർഗം സ്വീകരിച്ചവന് അതുതന്നെ മതി. തീർച്ചയായും അത് നൻമയും കാരുണ്യവുമാണ്. (വിശ്വസിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും അതിൽ അനുഗ്രഹവും ഉൽബോധനവും ഉണ്ട്) അതിൽ ധാരാളം അറിവുകളുണ്ട്; സമൃദ്ധമായ നന്മയും. ഹൃദയങ്ങൾക്കും ആത്മാക്കൾക്കുമുള്ള സംസ്കരണം, വിശ്വാസത്തിന്റെ വിമലീകരണം, സ്വഭാവങ്ങളുടെ പൂർത്തീകരണം, ദൈവികമായ വഴികളും രഹസ്യങ്ങളുമെല്ലാം അടങ്ങിയിട്ടുണ്ട്. ■

നസീമ വാടാനപ്പള്ളി




# ക്വബ്റിലേക്കുള്ള യാത്ര

എന്നെ കാത്തിരിക്കുന്ന
എന്റെ ക്വബ്റിനെ ഞാൻ
ഭയപ്പെടുന്നില്ലായിരുന്നെങ്കിൽ
ഇഹലോകത്തെ
നിമിഷങ്ങളൊക്കെയും
ഞാൻ ആസ്വദിച്ചേനെ.
എന്നിലെയെന്നിഷ്ടങ്ങളെ
ഞാൻ സ്വതന്ത്രമാക്കിയേനെ.
പറന്നുയരാൻ വെമ്പുമെൻ
അതിരില്ലാ മോഹങ്ങൾക്ക്
ചിറകുകൾ നൽകിയേനെ.
ദുനിയാവിന്റെ മാസ്മരികതയിൽ
ഞാനെന്നെ മറന്നേനെ.
മരണമില്ലാ ലോകത്തെ
ആദ്യഭവനം ക്വബ്റാണെന്ന
തിരിച്ചറിവിലാണെനിക്ക്
നഷ്ടങ്ങളിൽ വിജയത്തിന്റെ
വിത്തുവിതക്കാനായത്,
നിരാശകളിൽ പ്രതീക്ഷയുടെ
മയിൽപ്പീലി വിടർത്താനായത്;
പരിഹാസങ്ങളെ,
ഒറ്റപ്പെടുത്തലുകളെ
ഉത്തേജനങ്ങളാക്കാനായത്.
പ്രതികൂല സാഹചര്യങ്ങളിലും
പരിശ്രമിക്കുന്നത്
ക്വബ്റിന്റെ ഞെരുക്കത്തിൽനിന്നും
രക്ഷ ലഭിക്കണമെന്ന്
ആഗ്രഹിച്ചതുകൊണ്ടാണ്.
ഓട്ടത്തിനിടയിൽ പലപ്പോഴും
വീണുപോയിട്ടുണ്ട്.
എങ്കിലും വീണ്ടുമെഴുന്നേറ്റ്
നാഥനിലുള്ള പ്രതീക്ഷയും
പേറി നന്മയുടെ പാതയിൽ
ഓടിക്കൊണ്ടിരിക്കുകയാണ്,
ക്വബ്റിലെത്തുംവരെ
അത് തുടർന്നുകൊണ്ടിരിക്കും.



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

WISDOM BOOKS



'അല്ലാഹുവിന്റെ പടവാൾ'
എന്ന അപരനാമത്തിലറിയപ്പെടുന്ന
ഖാലിദ്ബ്നുൽവലീദിന്റെ
ജീവിത സഞ്ചാരങ്ങൾ ഏറെ അത്ഭുതകരവും പഠനാർഹവുമാണ്.
ഒഴുക്കോടെ ഒറ്റയിരിപ്പിൽ വായിച്ചു തീർക്കാവുന്ന
ആകർഷകമായ ശൈലിയിലുള്ള അവതരണം




200 രൂപയുടെ
പുസ്തകം
ഇപ്പോൾ
175 രൂപക്ക്

# ഖാലിദ്ബ്നുൽവലീദ്

## അബ്ദുൽഹഖ് സുല്ലമി ആമയൂർ

FREE HOME
DELIVERY




പുസ്തകം
നിങ്ങളുടെ
വീട്ടിൽ
എത്തിക്കുന്നു

+91 7356 766 478

https://wisdombooksonline.com/product/88

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 27 September 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students

